# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P-9/1586/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/02/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P-9/1586/2022 തീയ്യതി: 23/02/2023

## ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2021 | 31-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 28-11-2022 | 09-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സുരേഷ്.എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ. റോയ്.റ്റി.എം., അസി.ഓഡിറ്റ് ഓഫീസർ

ശ്രീ. പുഷ്പരാജ് വി.കെ., അസി. ഓഡിറ്റ് ഓഫീസർ

ശ്രീ. സിജിജോൺ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. മഞ്ജുള കെ. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| സുനിൽകുമാർ .എൻ , | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 03-05-2021 |
| ശ്രീകുമാർ .എൻ | സെക്രട്ടറി | 04-05-2021 | 10-01-2022 |
| സുനിൽകുമാർ .എൻ , | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-01-2022 | 17-01-2022 |
| ഉദയസിംഹൻ .പി.പി | സെക്രട്ടറി | 18-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഷാനവാസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.സ്മിത വിൽസൺ | വെറ്റനറി സർജൻ | 01-04-2021 | 24-11-2021 |
| ഡോ.റാണി ഭരതൻ | വെറ്റനറി സർജൻ | 25-11-2021 | 31-03-2022 |
| ഡോ.അമ്പിളി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.യേശുദാസ്.കെ.ജെ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.ബാലരാജ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 13-06-2021 |
| ഡോ.എൻ.കെ.ജീന | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 14-06-2021 | 31-10-2021 |
| ഡോ.റ്റി.എം.റംലത്ത്ബീവി | മെഡിക്കൽ ഓഫീസർ (ഹോമിയോ | 01-11-2021 | 09-01-2022 |
| ഡോ.എൻ.കെ.ജീന | മെഡിക്കൽ ഓഫീസർ (ഹോമിയോ | 10-01-2022 | 31-03-2022 |
| ശ്രീമതി. ജയകല പി.വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഉദയകുമാർ സി. | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്., വെള്ളിയാകുളം | 01-04-2021 | 31-03-2022 |
| ശ്രീമതി. സിനി ആർ.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.സുനിൽരാജ് | വി.ഇ.ഒ., കൊക്കോതമംഗലം | 01-04-2021 | 31-03-2022 |
| ശ്രീമതി. അമ്പിളി | വി.ഇ.ഒ. തണ്ണീർമുക്കം | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി. സ്മിത | വി.ഇ.ഒ., മുട്ടത്തിപ്പറമ്പ് | 01-04-2021 | 31-03-2022 |
| ശ്രീമതി. രശ്മി മാനുവൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 30-11-2021 |
| ശ്രീ. ശിവപ്രസാദ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-12-2021 | 31-03-2022 |
| സുനിൽകുമാർ സി.എൻ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-01-2022 |
| ശ്രീ. പ്രവീൺകുമാർ കെ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-02-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന – അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം (എക്സ്പൻറീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | വസ്തു നികുതി - വൺടൈം ടാക്സ് അടവാക്കിയ വിവരം ലഭ്യമല്ല | 1-10 |
| 12 | കെട്ടിട നികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നതുമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-11 |
| 13 | തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-12 |
| 14 | ഡി.& ഒ.ലൈസൻസ്എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-13 |
| 15 | പെട്രോൾ പമ്പുകളുടെ കനോപ്പി ഏരിയയ്ക്ക് വസ്തു നികുതി ഈടാക്കുന്നില്ല. | 1-14 |
| 16 | മൊബൈൽ ടവറുകളുടെ വസ്തു നികുതിയിൽ വൻതുക കുടിശ്ശിക | 1-15 |
| 17 | വാടകയിനത്തിൽ വൻതുക കുടിശ്ശിക | 1-16 |
| 18 | കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 19 | വെറ്ററിനറി ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ - സ്റ്റോക്ക്, വിതരണ വിവരം കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-18 |
| 20 | പൊതുടാപ്പുകളുടെ വെള്ളക്കരം - ഗ്രാമപഞ്ചായത്തിന് അധിക സാമ്പത്തിക ബാധ്യത. | 1-19 |
| 21 | പശുക്കൾക്ക് ധാതുലവണ മിശ്രിതവും വിരമരുന്നും – വാങ്ങിയ ധാതുലവണ മിശ്രിതം പൂർണ്ണമായി വിതരണം ചെയ്തില്ല. | 1-20 |
| 22 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (പ്രോ.നം 187/22) – പ്രവർത്തി പൂർത്തിയാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 23 | പാലിന് സബ്സിഡി- ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടില്ല. | 1-22 |
| 24 | നിലാവ് പദ്ധതി - കേടായ ലൈറ്റുകൾക്ക് പകരം ലൈറ്റുകൾ ലഭ്യമാക്കിയില്ല | 1-23 |

| | | |
|---|---|---|
| 25 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) - അലോട്ട്മെന്റ് തുക വരവിൽ ഉൾപ്പെടുത്താതെ പാഴാക്കി. | 1-24 |
| 26 | തൊഴിലുറപ്പ് പദ്ധതി- റോഡ് നിർമ്മാണം പൈപ്പിന്റെ വ്യാപ്തം കുറവു ചെയ്തില്ല. അധികം നൽകിയത് - 8540/- | 1-25 |
| 27 | തൊഴിലുറപ്പ് പദ്ധതി- ചുറ്റുമതിൽ നിർമ്മാണം . അധികം നൽകിയത് - 3267/- | 1-26 |
| 28 | മരുന്നു വാങ്ങൽ - പൂർണമായും മരുന്ന് ലഭിച്ചിട്ടില്ല | 1-27 |
| 29 | മെറിറ്റോറിയസ് സ്കോളർഷിപ്പ്- എസ്.സി- അർഹതാ രേഖ ലഭ്യമല്ല | 1-28 |
| 30 | വിവാഹ ധനസഹായം- പട്ടികജാതി- രേഖകൾ ഹാജരാക്കിയില്ല | 1-29 |
| 31 | കരാറുകാരൻ ഹാജരാക്കിയ ബില്ലിൽ കാണിച്ചിരിക്കുന്ന അളവിനേക്കാൾ കൂടുതൽ സ്റ്റാക്ക് ചെയ്ത അളവ് | 1-30 |
| 32 | സാക്ഷരത, ശുചിത്വ മിഷൻ എന്നിവ കറന്റ് അക്കൗണ്ടുകളായി നിലനിർത്തുന്നതുമൂലം പലിശയിനത്തിൽ വരവ് നഷ്ടം ഉണ്ടാകുന്നു | 1-31 |
| 33 | ആംബുലൻസ് സർവ്വീസ് - 6 മാസം മാത്രം സർവ്വീസ് നടത്തി പ്രവർത്തനം അവസാനിപ്പിച്ചു | 1-32 |
| 34 | പി.വി.സി വാട്ടർ ടാങ്ക് എസ്.സി- മതിയായ കാരണം കൂടാതെ റീ-ടെണ്ടർ ചെയ്തു- പഞ്ചായത്തിന് നഷ്ടം | 1-33 |
| 35 | കുറ്റിമുല്ലകൃഷി -തൊഴിൽ ദിനങ്ങൾ കൂടുതലായി അനുവദിക്കുന്നു. | 1-34 |
| 36 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി - ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടില്ല. | 1-35 |
| 37 | കുറ്റിമുല്ലകൃഷി - വിസ്തീർണം കുറഞ്ഞ സ്ഥലത്ത് കൃഷി ചെയ്യുന്നതിനും ഗ്രൂപ്പുകൾക്ക് കൂടുതൽ തൊഴിൽദിനങ്ങൾ അനുവദിക്കുന്നു | 1-36 |
| 38 | ഫൈൻ ഈടാക്കിയത് കുറവ് -നഷ്ടം | 1-37 |
| 39 | അഡ്വക്കേറ്റിന് ഫീസ് നൽകൽ - സ്രോതസിൽ നിന്നും ആദായനികുതി ഈടാക്കിയില്ല | 1-38 |
| 40 | വാരനാട് എൽ.പി.സ്കൂൾ കായൽതീരം റോഡ് ടാറിംഗ്- കാലി വീപ്പയുടെ വില പൂർണമായും ഈടാക്കിയില്ല. | 1-39 |
| 41 | സാമൂഹ്യ ക്ഷേമ പെൻഷൻ ഗുണഭോക്താവിന്റെ മരണം റിപ്പോർട്ട് ചെയ്ത ശേഷവും അക്കൗണ്ടിലേക്ക് പെൻഷൻ നല്കിവരുന്നു | 1-40 |
| 42 | ഭൂരഹിത ഭവന രഹിതർക്ക് ഭൂമി വാങ്ങി നൽകൽ - സ്വന്തം പേരിൽ ഭൂമിയില്ലായെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു | 1-41 |
| 43 | തോടിന് ആഴം കൂട്ടുന്ന പ്രവൃത്തി കരാറുകാർക്ക് അധിക നിരക്കിൽ ജി.എസ്.റ്റി അനുവദിച്ചു | 1-42 |
| 44 | ബാരൽ വിലയിൽ നിന്നുള്ള ജി.എസ്.റ്റി ഒടുക്കുന്നില്ല | 1-43 |
| 45 | എർത്ത് വർക്ക് എസ്കവേഷനിലൂടെ ലഭിച്ച മണ്ണിന്റെ വില ബില്ലിൽ കുറവ് | 1-44 |

| | | |
|---|---|---|
| | ചെയ്തില്ല- നഷ്ടം 2221/- | |
| ഭാഗം **2** | | |
| 1 | കെട്ടിട നികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നതുമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 2-1 |
| ഭാഗം **3** | | |
| 1 | തോടിന് ആഴം കൂട്ടുന്ന പ്രവൃത്തികൾക്ക് കരാറുകാർക്ക് അധിക നിരക്കിൽ ജി.എസ്.റ്റി അനുവദിച്ചു | 3-1 |
| 2 | അഡ്വക്കേറ്റിന് ഫീസ് നൽകൽ - സ്രോതസിൽ നിന്നും ആദായനികുതി ഈടാക്കിയില്ല. | 3-2 |
| 3 | വാരനാട് എൽ.പി.സ്കൂൾ കായൽതീരം റോഡ് ടാറിംഗ്- കാലി വീപ്പയുടെ വില പൂർണമായും ഈടാക്കിയില്ല. | 3-3 |
| 4 | തൊഴിലുറപ്പ് പദ്ധതി- റോഡ് നിർമ്മാണം പൈപ്പിന്റെ വ്യാപ്തം കുറവു ചെയ്തില്ല . അധികം നൽകിയത് - 8540/- | 3-4 |
| 5 | തൊഴിലുറപ്പ് പദ്ധതി- ചുറ്റുമതിൽ നിർമ്മാണം . അധികം നൽകിയത് - 3267/- | 3-5 |
| 6 | എർത്ത് വർക്ക് എസ്കവേഷനിലൂടെ ലഭിച്ച മണ്ണിന്റെ വില ബില്ലിൽ കുറവ് ചെയ്തില്ല- നഷ്ടം 2221/- | 3-6 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

15.02.2021 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 352165000 | 356037400 |
| വാർഷിക കണക്ക് (ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്) പ്രകാരം | 301704874 | 321115788 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-07-2021 | 01.07.2022 | ഇല്ല |

## 1-2-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1) താഴെ പറയുന്ന ഫണ്ടിനങ്ങളിലെ എ.സി.ആർ പ്രകാരമുള്ള ആകെ ചെലവ് വാർഷിക കണക്ക് പ്രകാരമുള്ള ആകെ വരവുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഫണ്ടിനം | ചെലവ് (എ.സി.ആർ) | ചെലവ് (എ.എഫ്.എസ്) | വ്യത്യാസം |
|---|---|---|---|---|
| 01 | വികസന ഫണ്ട് ജനറൽ | 22235726 | 19822735 | 2412991 |
| 02 | വികസന ഫണ്ട് എസ്.സി.പി | 3864000 | 3554000 | 310000 |
| 03 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7920443 | 7841625 | 78818 |

2) കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലെ വാർഷിക കണക്ക് ഷെഡ്യൂൾ I-6 പ്രകാരമുള്ള ആകെ ചെലവ് 11659287 രൂപയാണെങ്കിലും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ആകെ ചെലവ് 11773145/- രൂപയാണ്. വ്യത്യാസം 113858/- രൂപ

3) തൻവർഷം ജില്ലാപഞ്ചായത്ത് വിഹിതമായി ലഭിച്ച 2728348/- രൂപയും ചെലവഴിച്ചതായിട്ടാണ് ഷെഡ്യൂൾ I-6ൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സുലേഖ പ്രകാരമുള്ള ചെലവ് 3047848/- രൂപയാണ്.

4) ഷെഡ്യൂൾ RP-40(b), B-17 എന്നിവ പ്രകാരം അനുപൂരക പോഷകാഹാര പദ്ധതിയ്ക്കായുള്ള ICDS അക്കൗണ്ടിലെ വർഷാന്ത്യ നീക്കിയിരുപ്പ് 3122265/- രൂപയാണ്. എന്നാൽ ഷെഡ്യൂൾ B-4 പ്രകാരമുള്ള ടിയിനത്തിലെ ബാധ്യത 3033853/- രൂപ മാത്രമാണ്. വ്യത്യാസം 88412/- രൂപ

5) തൻവർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്ക് പ്രകാരം വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി മുതലായ ഏജൻസികൾക്ക് നൽകിയതും തിരികെ ലഭിക്കുവാനുള്ള തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

6) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സെല്ലിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിനായി 3034745/- രൂപ നൽകിയതായും 1242411/- രൂപ തിരികെ ലഭിച്ചതായും വാർഷിക കണക്കിൽ ചേർത്തിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഇതുസംബന്ധിച്ച രേഖപ്പെടുത്തലൊന്നും വരുത്തിയിട്ടില്ല. ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ, 1317411/- രൂപ തിരികെ ലഭിച്ചതായി കാണുന്നു.

7) Contractors EMD, Suppliers EMD, Bidders EMD, Contractors SD, Suppliers SD, Bidders SD, Contractors Retention എന്നീയിനങ്ങളിൽ തൻവർഷം ലഭിച്ചതും തിരികെ കൊടുത്തതുമായ തുകയുടെ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

8) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ റെസിഡൻഷ്യൽ, നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ തൻവർഷത്തെ വരവായി ഉൾപ്പെടുത്തിയ തുക ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തു നികുതിയാണെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

9) 2021-22 വർഷത്തെ വാർഷിക കണക്ക് പ്രകാരം കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസിനത്തിൽ 189300/- രൂപയും റെഗുലറൈസേഷൻ ഫീസിനത്തിൽ 126184/- രൂപയും വരവുണ്ട്. എന്നാൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ വാർഷിക ഡി.സി.ബി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ കാണിച്ചിട്ടുള്ള തുകയുടെ ആധികാരികത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

10) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 69842954.17 |
| വരവ് | 116429067 |
| ആകെ | 186272021.17 |
| ചെലവ് | 126299685 |
| നീക്കിയിരിപ്പ് | 59972336 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | തൻവർഷ ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 29409600 | 29409600 | 6928533 | 22235726 | 245341 (ലാപ്സായി) |
| വികസന ഫണ്ട്-എസ്.സി.പി | 0 | 3914940 | 3914940 | 44000 | 3864000 | 6940 (ലാപ്സായി) |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 515000 | 515000 | 102667 | 412333 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 19336691 | 19336691 | 0 | 11968452 | 3196390 (ലാപ്സായി) 4171849 (ബാങ്ക്) |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 12829419 | 12829419 | 0 | 7920443 | 4908976 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 9773115 | 9773115 | 0 | 7241152 | 2531963 (ലാപ്സായി) |

## 1-5 പദ്ധതി അവലോകനം (എക്സ്പൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കി | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | യത് (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 221 | 235524316 | 160 | 88515308 | 11 | 50 | 72.39 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11371 | 1412119 | 1423490 | 1422922 | 568 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 125840078 | 125840078 | 125840078 | 00 |
| ആകെ | 11371 | 127252197 | 127263568 | 127263000 | 568 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 309240 | 230 |
| കർഷകതൊഴിലാളി പെൻഷൻ | 5788400 | 367 |
| വിധവാ പെൻഷൻ | 16422900 | 1230 |
| വാർദ്ധക്യകാല പെൻഷൻ | 36852000 | 2750 |
| വികലാംഗ പെൻഷൻ | 9109000 | 628 |
| അവിവാഹിത പെൻഷൻ | 2099800 | 149 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 240000 | 8 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1.12.2022 തീയതിയിൽ 02.55 P.M സമയത്ത് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29606/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെങ്കിലും നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
2. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ

കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

4. വിവിധ നികുതിയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി വർഷാവസാനം സംക്ഷിപ്ത വിവരം രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
5. 29-10-22 ലെ കളക്ഷൻ തുക ഒടുക്കിയിരിക്കുന്നത് CFC ഗ്രാന്റ് അക്കൗണ്ടിലേക്കാണ്. ആയത് തനത് ഫണ്ടിൽ വരവ് വെക്കേണ്ടതാണ്.
6. മരണമടഞ്ഞ പെൻഷൻ ഗുണഭോക്താക്കളെ പെൻഷൻ ലിസ്റ്റിൽ നിന്നും യഥാസമയം സസ്പെന്റ് ചെയ്യാത്തതിനാൽ അനർഹമായ കാലയളവിലേക്കും പെൻഷൻ നൽകാനിടയാകുന്നു.
7. ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലെ സാക്ഷരതാ, ശുചിത്വ മിഷൻ അക്കൗണ്ടുകൾ കറന്റ് അക്കൗണ്ടുകളായാണ് നിലനിർത്തിയിരിക്കുന്നത്. ആയതിനാൽ ടി അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് തുകയ്ക്ക് പലിശ ലഭിക്കുന്നില്ല.
8. പഞ്ചായത്തിലെ ഏകദേശം എല്ലാ കുടുംബങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ നൽകി മാസങ്ങൾ കഴിഞ്ഞിട്ടും ഉപയോഗിക്കാത്ത പൊതുടാപ്പുകൾ വിച്ഛേദിക്കാത്തതിനാൽ 160 ടാപ്പുകൾക്ക് വെള്ളക്കരം നൽകി വരുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 വസ്തു നികുതി - വൺടൈം ടാക്സ് അടവാക്കിയ വിവരം ലഭ്യമല്ല

തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തികവർഷം വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള 100 ചതുരശ്ര മീറ്ററിനു മുകളിലുള്ള വീടുകളിൽ നിന്നും 50 ചതുരശ്ര മീറ്ററിനു മുകളിലുള്ള മറ്റു കെട്ടിടങ്ങളുടെയും ഒറ്റത്തവണ നികുതി വില്ലേജുകളിൽ അടവാക്കിയതിന്റെ രസീത് ബന്ധപ്പെട്ട ഫയലുകളിൽ ലഭ്യമല്ല. ആയത് ഹാജരാക്കിയത് സംബന്ധിച്ച് ഓഫീസ് കുറിപ്പുകളിലും രേഖപ്പെടുത്തലുകളില്ല.
ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തൃതി | കെട്ടിടത്തിന്റെ തരം |
|---|---|---|
| 9/431B | 484.13 | ഹോസ്റ്റൽ |
| 10/555B | 212.40 | വാണിജ്യാവശ്യം |
| 9/318B | 58.53 | വാണിജ്യാവശ്യം |

നികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/6.12.21) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് (കൈ)നം. 231/2015.ത.സ്വ.ഭ.വ., തീയതി 09.07.2015, 1975 ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) എന്നിവ പ്രകാരം ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു ഒടുക്കിയ രസീത് ഹാജരാക്കുകയോ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതായുള്ള രേഖ സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്. വൺടൈം ടാക്സ് അടവാക്കിയ രസീതുകൾ ലഭ്യമാക്കി കെട്ടിട നമ്പർ നല്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-11 കെട്ടിട നികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നതുമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം

വസ്തു നികുതി പരിശോധനയിൽ (സഞ്ചയ) താഴെപ്പറയുന്ന കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു.

| കെട്ടിട നം. | അസസ് ചെയ്ത തീയതി | വിസ്തൃതി | തരം | ഈടാക്കിയ നിരക്ക് | ഈടാക്കേണ്ട നിരക്ക് | ആകെ തുക | കിഴിവ്/ വർദ്ധനവ് | മറ്റു നികുതികൾ | ആകെ നികുതി ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 3/511A | 28.01.22 | 206.75 | വാണിജ്യാ വശ്യം (ഷോപ്പുകൾ, ഗോഡൗൺ) | 40/- | 65/- | 13438 | (-)മേൽക്കൂര 10% = 1344 (+) വഴി സൗകര്യം 20% = 2688 ആകെ = 13438 -1344 =12094+2688 =14782/- | ലൈബ്രറി സെസ് 5% = 739 സേവന ഉപനികുതി- 10% = 1478 ആകെ = 739 + 1478 =2217 | 14782 + 2217 = 16999/- | 10462/- | 6537/- |

ഇരു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/6.12.22) മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കുന്നില്ല

തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിൽ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ഐ പ്രകാരമുള്ള തൊഴിൽനികുതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ തൊഴിൽനികുതി അടവാക്കേണ്ട സ്ഥാപനങ്ങൾ/വ്യക്തികൾ സംബന്ധിച്ച് വ്യക്തതയില്ല. കേരള പഞ്ചായത്ത് രാജ് ആക്ട്, ചട്ടം 3, സെക്ഷൻ 204(1) പ്രകാരം 60 ദിവസമോ അതിൽ കൂടുതലോ തുടർച്ചയായി ജോലി ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി അതാത് പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിലെ നിരവധി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ അടവാക്കാത്തതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | ഈടാക്കാത്ത അർദ്ധവർഷം |
|---|---|
| എസ്.എസ്. കയർ മാറ്റ് & മാറ്റിംഗ്സ് | I & II |
| പ്രിയദർശിനി വനിത കയർ സൊസൈറ്റി- 935 | I |
| മിൽമ സൊസൈറ്റി 150 D | I & II |
| മിൽമ സൊസൈറ്റി 139D | I & II |
| കയർ സൊസൈറ്റി 731 | I & II |
| ട്രാവൻകൂർ കയർ മാറ്റ് & മാറ്റിംഗ്സ് | I & II |
| എൻ.എച്ച്.എം. സ്റ്റാഫ് - സി.എച്ച്.സി. | II |
| ഭവാനി ഗ്യാസ് ഏജൻസി | I & II |
| റേഷൻ കടകൾ | I & II |

തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/02.12.2022) മേൽ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നല്കിയിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്. കൂടാതെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മിക്ക ധനകാര്യ സ്ഥാപനങ്ങളും സ്ഥാപനതൊഴിൽനികുതി അടവാക്കാത്തതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ

താഴെ ചേർക്കുന്നു.

1. IIFL, എസ്.ബി.ടി. ബാങ്ക് ബിൽഡിംഗ്, വാരനാട്

2. ഋഷിറാം ചിറ്റ്സ് പ്രൈ.ലി., അയ്യപ്പൻചേരി

3. എസ്.ബി. ഫിനാൻസ്, ആഞ്ഞിലിച്ചുവട്

4. തറയിൽ സ്വർണ്ണപ്പണയം, ആഞ്ഞിലിച്ചുവട്

തൊഴിൽ നികുതി ഈടാക്കേണ്ട എല്ലാ സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഈടാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. തണ്ണീർമുക്കം സി.എച്ച്.സി.യിൽ നിന്നും 2021-22 സാമ്പത്തികവർഷത്തിലെ ആദ്യ അർദ്ധവർഷം 38 പേർ തൊഴിൽ നികുതി അടവാക്കിയെങ്കിലും രണ്ടാം അർദ്ധവർഷം 31 പേർ മാത്രമാണ് തൊഴിൽനികുതി അടവാക്കിയത്. ആദ്യ അർദ്ധവർഷം തൊഴിൽ നികുതി അടവാക്കിയ 7 NHM ജീവനക്കാരിൽ താഴെപ്പറയുന്ന 6 പേരും രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

1. ഇന്ദുലേഖ, എൻ.എച്ച്.എം.- ഡാറ്റാ എൻട്രി

2. ലിതിയ മേരി അലക്സ് – എൻ.എച്ച്.എം. സ്റ്റാഫ് നഴ്സ്

3. മഞ്ജു മനോഹരൻ, -ടി –

4. അശ്വനി ശിവൻ, – ടി –

5. പാർവ്വതി സി.എസ്., – ടി –

6. കീർത്തി കൃഷ്ണൻകുട്ടി, എൻ.എച്ച്.എം. – ജെ.എച്ച്.ഐ.

മേൽ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ വിവരം ശേഖരിച്ച് നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 5 ലെ മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-13 ഡി.& ഒ.ലൈസൻസ്എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിൽ വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ എല്ലാ സ്ഥാപനങ്ങളും ഡി. & ഒ. ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഡി. & ഒ. ലൈസൻസ് എടുത്തതായി കാണുന്നില്ല.

1). ശ്രീപദി ആയുർവേദ ആശുപത്രി, വെള്ളിയാകുളം

2). ഭവാനി ഗ്യാസ് ഏജൻസി, വാരനാട്

3). റേഷൻകടകൾ (2 എണ്ണം മാത്രമേ എടുത്തിട്ടുള്ളൂ)

4). കയർ സൊസൈറ്റികൾ

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/02.12.22) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 1,2 എന്നീ സ്ഥാപനങ്ങൾ 2022-23 ൽ ഡി. & ഒ. ലൈസൻസ് എടുത്തിട്ടുണ്ട് എന്നും മറ്റു സ്ഥാപനങ്ങൾക്ക് നോട്ടീസ് നല്കിയിട്ടുണ്ട് എന്നുമാണ്. 2021-22 സാമ്പത്തികവർഷം ഡി. & ഒ. ലൈസൻസ് ഇല്ലാതെയാണ് ടി സ്ഥാപനങ്ങൾ പ്രവർത്തിച്ചത്.

നിലവിലെ ചട്ട പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ ലൈസൻസ് ഫീസും തൊഴിൽ നികുതിയും അടവാക്കേണ്ടതാണെന്ന പഞ്ചായത്ത് ഡയറക്ടറുടെയും നഗരകാര്യ ഡയറക്ടറുടെയും കത്തിന്റെ അടിസ്ഥാനത്തിൽ, സിവിൽ സപ്ലൈസ് കമ്മീഷണർ 22.1.19 ലെ നമ്പർ (സി.എസ്.) എ.9-764/2019 കത്ത് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ അടവാക്കുന്നതിൽനിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാരെയും അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ റേഷൻ കടകൾ ലൈസൻസ് നേടിയും തൊഴിൽനികുതി അടവാക്കിയുമാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്.

2021-22 സാമ്പത്തികവർഷം ആകെ 437 സ്ഥാപനങ്ങൾ മാത്രമാണ് ഡി. & ഒ. ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടകമുറികളിൽത്തന്നെ 60 നുമേൽ വാടകക്കാരുണ്ട്. കൂടാതെ 2021-22 സാമ്പത്തികവർഷം 60 നുമേൽ വാണിജ്യാവശ്യത്തിനുള്ള പുതിയ കെട്ടിടങ്ങൾക്ക് നമ്പർ നല്കിയിട്ടുമുണ്ട്. നിലവിൽ (2022-23 ൽ) 560 നുമേൽ ഡി. & ഒ. ലൈസൻസ് നല്കിയിട്ടുണ്ട്.

വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളും ഡി & ഒ. ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 പെട്രോൾ പമ്പുകളുടെ കനോപ്പി ഏരിയയ്ക്ക് വസ്തു നികുതി ഈടാക്കുന്നില്ല.

തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 2 പെട്രോൾപമ്പുകളുടെയും കനോപ്പി ഏരിയയുടെ വസ്തു നികുതി

കണക്കാക്കി ഈടാക്കാത്തതായി കാണുന്നു.

| ക്രമ നം. | സ്ഥാപനം | കെട്ടിട നം. | വസ്തു നികുതി കണക്കാക്കിയിരിക്കുന്ന വിസ്തൃതി (കോൺക്രീറ്റ് മേൽക്കൂര) |
|---|---|---|---|
| 1 | അംബിക പെട്രോളിയം | VI/416 | 33 $M^2$ |
| 2 | ലൈസാമ്മ ഫ്യൂവൽസ് | IV/195 | 25.8 $M^2$ |

വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/6.12.22) മറുപടി ലഭ്യമാക്കിയില്ല. പെട്രോൾ പമ്പുകളുടെ കനോപ്പി ഏരിയ വസ്തു നികുതി കണക്കാക്കുന്നതിന് കണക്കിലെടുക്കേണ്ടതാണെന്ന് കേരള ഫെഡറേഷൻ ഓഫ് പെട്രോളിയം ട്രേഡേഴ്സ് നല്കിയ WP(C) നം.24944/2003 -ാം നമ്പർ കേസിന്മേൽ ബഹു.കേരള ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. മേൽ പെട്രോൾപമ്പുകളുടെ കനോപ്പി ഏരിയയുടെ വിസ്തൃതി കണക്കാക്കി വസ്തു നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവറുകളുടെ വസ്തു നികുതിയിൽ വൻതുക കുടിശ്ശിക

സഞ്ചയ പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതിയിനത്തിൽ വൻതുക കുടിശ്ശികയുള്ളതായി കാണുന്നു. ടവറുകളുടെ വസ്തു നികുതി ഈടാക്കിയതിൽ ഇടയ്ക്കുള്ള ചില വർഷങ്ങളിൽ കുടിശ്ശിക അടവാക്കാതെ തുടർന്നുള്ള വർഷങ്ങളിൽ തൻവർഷത്തെ മാത്രം അടവാക്കിയിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനം | കുടിശ്ശിക കാലയളവ് | കുടിശ്ശിക അർദ്ധവർഷം | വാർഷിക തുക | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | 4/99 | മൊബൈൽ ടവർ എന്നുമാത്രം | 2017-18 | I & II | 4140X1 | 4140 |
| | | | 2018-19 | I | 2070X1 | 2070 |
| | | | 2019-20 മുതൽ 21-22 | I & II | 4140X3 | 12420 |
| 2 | 4/266 | എയർടെൽ | 2017-18 2018-19 (കളക്ഷൻ വിവരങ്ങൾ സഞ്ചയയിൽ ഇല്ല) | I & II | 5538X2 | 11076 |
| | | | 2019-20 മുതൽ 2021-22 | I & II | 5538X3 | 16614 |
| 3 | 6/470 | ഭാരതി | 2017-18 2018-19 (കളക്ഷൻ വിവരങ്ങൾ സഞ്ചയയിൽ ഇല്ല) | I & II | 11040X2 -157(സഞ്ചയ പ്രകാരം അടവാക്കിയത്) | 21923 |
| 4 | 17/177A | റിലയൻസ് | 2019-20 - മുതൽ 2021-22 | I & II | 2300X3 | 6900 |
| 5 | 21/659A | സബ് ഡിവി.എഞ്ചിനീയർ, ബി.എസ്.എസ്.2 | 2019-20 മുതൽ 2021-22 | I & II | 6900X3 | 20700 |
| | ആകെ കുടിശ്ശിക | | | | | 95843 |

വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/6/12.22) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 വാടകയിനത്തിൽ വൻതുക കുടിശ്ശിക

1. വെള്ളിയാകുളം വനിതാ വിപണന കേന്ദ്രത്തിലെ 4-ാം നമ്പർ മുറി ഉപയോഗിച്ചിരുന്ന ശ്രീമതി. രജിത ദീപു 2018-19 മുതൽ 2021-22 വരെയായി 292625/- രൂപ വാടകകുടിശ്ശിക വരുത്തിയിട്ടുണ്ട്. 23.06.2022 ൽ ഓൺലൈൻ റവന്യൂ റിക്കവറി നോട്ടീസ് നല്കിയിട്ടുണ്ട്.

2. പുത്തനങ്ങാടി ഷോപ്പിംഗ് കോംപ്ലക്സ് (തെക്കേ കെട്ടിടം) 3-ാം നമ്പർ മുറി കൈവശമുള്ള വി.എം. സുബോധ് 2021-22 വർഷം വാടകയിനത്തിൽ തുകയൊന്നും അടവാക്കാത്തതിനാൽ (11781/-) ടിയാന് റവന്യൂ റിക്കവറി നോട്ടീസ് നല്കിയിട്ടുണ്ട്.

മേൽ നോട്ടീസിന്മേൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/1.12.22) മറുപടി ലഭ്യമാക്കിയില്ല.

വാടക കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്ത് വാടകയ്ക്ക് നല്കിയിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാടകക്കാരുടെ പക്കൽ നിന്നും കരാർ ചമയ്ക്കാത്ത മുദ്രപ്പത്രം വാങ്ങി സൂക്ഷിക്കുകമാത്രമാണ് ചെയ്തിട്ടുള്ളത്. വാടകക്കാരുമായി കരാർ വയ്ക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-17 കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റിന്റെ പേര് - കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം (നം 08/22).

ചെലവ് തുക - 3,00,000/- (ബിൽ നം 02/25.10.21)

ചെലവ് തുക - 3,25,000/- (ബിൽ നം 03/25.10.21)

ആകെ ചെലവ് - 6,25,000/

നിർവ്വഹണം - വെറ്ററിനറി സർജൻ.

കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം പദ്ധതിയുടെ ഭാഗമായി 100 ഗുണഭോക്താക്കൾക്കുള്ള പഞ്ചായത്ത് വിഹിതമായ 6.25,000/- രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (നം 70601140000019) കൈമാറിയിട്ടുണ്ട്. 100 ഗുണഭോക്താക്കൾക്കായുള്ള ടി പദ്ധതിയുടെ ആകെ ചെലവ് 25,00,000/- രൂപയാണ്. ഇതിൽ 6.25,000/- രൂപ ഗുണഭോക്തൃ വിഹിതവും 12,50,000/- രൂപ സംസ്ഥാന വിഹിതവുമാണ്.

കാലിത്തീറ്റ വിതരണത്തിനായി ചുമതലപ്പെടുത്തിയ വാരനാട് ക്ഷീരസംഘത്തിന്റെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ, 04/2022 മുതൽ കാലിത്തീറ്റ വിതരണം നടത്തുന്നുണ്ട്. പഞ്ചായത്ത് കൈമാറിയ 100 ഗുണഭോക്താക്കളിൽ 98 പേർ മാത്രമാണ് കാലിത്തീറ്റ വാങ്ങുന്നത്. കാലിത്തീറ്റ കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതിനായി ഓഡിറ്റ് എൻക്വയറി (12/6.12.22) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഒരു ഗുണഭോക്താവിന് തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം 6250/- രൂപയും സംസ്ഥാന സർക്കാർ വിഹിതവും 12,500/- രൂപയുമാണ് സബ്സിഡിയായി നൽകുന്നത്. ആയതിനാൽ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് കാലിത്തീറ്റ കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ ഗ്രാമപഞ്ചായത്ത് വിഹിതം കാഫ് ഫീഡിൽ നിന്നും തിരികെ ഈടാക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ 625,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 വെറ്ററിനറി ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ - സ്റ്റോക്ക്, വിതരണ വിവരം കാലികമാക്കി സൂക്ഷിക്കുന്നില്ല

വെറ്ററിനറി ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ (പ്രോ.നം 11/22) പ്രകാരം മരുന്ന് വിതരണം നടത്തുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങളുടെ വില വിവരം സംബന്ധിച്ച താരതമ്യ പത്രിക തയ്യാറാക്കി കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഷിഫ ഫാർമ, നെക്റ്റാർ ലാബ് അസോസിയേറ്റ്സ്, കൃഷ്ണ ഏജൻസീസ് എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ് മരുന്ന് വാങ്ങിയിട്ടുള്ളത്. ഓഡിറ്റിൽ ഹാജരാക്കിയ മരുന്നിന്റെ സ്റ്റോക്ക്, വിതരണ രേഖകൾ പരിശോധിച്ചതിൽ, പല മരുന്നുകളുടേയും കൃത്യമായ വിതരണ വിവരം രജിസ്റ്ററിൽ ചേർക്കുന്നതായി കാണുന്നില്ല.

ഉദാഹരണത്തിന്,

A) Albendazole 600mg എന്ന മരുന്നിന്റെ 17/12/2020 വരെയുള്ള വിതരണ വിവരം മാത്രമാണ് സ്റ്റോക്ക് രജിസ്റ്ററിൽ (പേജ് നം. 72) ചേർത്തിട്ടുള്ളത്. ഇതനുസരിച്ചുള്ള ബാലൻസ് 1480 യൂണീറ്റ് ആണ്.

B) ഷിഫ ഫാർമയിൽ നിന്നും വാങ്ങിയ Appevet Bolus എന്ന മരുന്ന് 500 യൂണീറ്റ് 9/10/2021 ൽ സ്റ്റോക്കിൽ ചേർത്ത് വിതരണം നടത്തി വരുന്നു. ടി മരുന്നിന്റെ 5/12/2021 ലെ സ്റ്റോക്ക് ബാലൻസ് 342 യൂണിറ്റാണ്. ഇതിൽ 8 യൂണിറ്റ്

6/12/2021 വിതരണം നടത്തിയതിന് ശേഷമുള്ള ബാലൻസായി കാണിച്ചിട്ടുള്ളത് 234 യൂണിറ്റാണ്. 29/12/2021 വരെ 234 യൂണിറ്റിൽ നിന്നാണ് സ്റ്റോക്കിൽ കുറവ് വരുത്തിയിട്ടുള്ളത്.

C) 9/10/2021ൽ 100 യൂണീറ്റ് Diar Cure Bolus വാങ്ങിയത് സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും ഒരു യൂണീറ്റ് പോലും വിതരണം നടത്തിയിട്ടില്ല (പേജ് നം. 90/IV).

D) ഷിഫ ഫാർമയിൽ നിന്നും വാങ്ങിയ 20 യൂണീറ്റ് Fruse Mide Inj 6/10/2020ൽ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും 4/1/2021 വരെ 6 യൂണീറ്റാണ് വിതരണം നടത്തിയിട്ടുള്ളത് (പേജ് നം. 7/IV).

E) ഷിഫ ഫാർമയിൽ നിന്നും വാങ്ങിയ 200 യൂണീറ്റ് Moxel Inj 3mg 6/10/2020ൽ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും 29/12/2021ൽ 5 യൂണീറ്റ് മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. മുന്നിരിപ്പ് ഉൾപ്പെടെ ബാലൻസ് 205 യൂണീറ്റ് (പേജ് നം. 25/IV).

കൃത്യമായ ആവശ്യകത നിർണ്ണയിക്കാതെ മരുന്ന് വാങ്ങിയതിനും സ്റ്റോക്ക്, വിതരണ രേഖകൾ കൃത്യമായി എഴുതി സൂക്ഷിക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതിനായി 15/6.12.22 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി. മുൻവർഷത്തെ ഉപയോഗത്തിന് ആനുപാതികമായിട്ടാണ് തൻവർഷം മരുന്ന് വാങ്ങിയിട്ടുള്ളതെന്നും ഡിസ്പെൻസറിയിലെ തിരക്ക് മൂലം സ്റ്റോക്ക് രജിസ്റ്ററിൽ മരുന്നിന്റെ കൃത്യമായ വിതരണ വിവരം രേഖപ്പെടുത്തുവാൻ വിട്ടുപോയതുമൂലമാണ് സ്റ്റോക്ക് ബാലൻസ് അധികമായി കാണുന്നതെന്നാണ് വെറ്ററിനറി സർജൻ മറുപടി നൽകിയത്. ഓരോ ദിവസവും വിതരണത്തിനായി എടുക്കുന്ന മരുന്ന് അതാത് ദിവസം തന്നെ സ്റ്റോക്കിൽ കുറവ് ചെയ്യേണ്ടതും പ്രതിമാസ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 1-19 പൊതുടാപ്പുകളുടെ വെള്ളക്കരം - ഗ്രാമപഞ്ചായത്തിന് അധിക സാമ്പത്തിക ബാധ്യത.

ജലജീവൻ മിഷൻ പദ്ധതി പ്രകാരം സമ്പൂർണ്ണ ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വാട്ടർ അതോറിറ്റി തയ്യാറാക്കിയ ഡി.പി.ആർ പ്രകാരം തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിലെ ഗാർഹിക കുടിവെള്ള കണക്ഷൻ ഇല്ലാത്ത 4114 കുടുംബങ്ങൾക്ക് സൗജന്യമായി കണക്ഷൻ നൽകുന്നതിന് 5,10,40,000/- രൂപയാണ് ചെലവ് കണക്കാക്കിയിരുന്നത്. ടി തുകയുടെ 15% ആയ 76,56,000/- രൂപ ഒടുക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് 40,92,223/- രൂപ തൻവർഷത്തെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ഒടുക്കിയിട്ടുണ്ട്.

മേൽ പരാമർശിച്ച 4114 കുടുംബങ്ങൾക്കും 2020-21 സാമ്പത്തിക വർഷം തന്നെ കുടിവെള്ള കണക്ഷൻ ലഭിച്ചിട്ടുള്ളതാണ്. പൈപ്പ് ലൈൻ കടന്നു പോകാത്ത സ്ഥലങ്ങളിലെ ചുരുക്കം ചില കുടുംബങ്ങൾക്കാണ് ഇനിയും കുടിവെള്ള കണക്ഷൻ ലഭിക്കുവാനുള്ളത്. പഞ്ചായത്തിലെ ഏകദേശം എല്ലാ കുടുംബങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ നൽകി മാസങ്ങൾ കഴിഞ്ഞിട്ടും ഉപയോഗിക്കാത്ത പൊതുടാപ്പുകൾ പൂർണ്ണമായി വിച്ഛേദിക്കുന്നതിന് പഞ്ചായത്ത് നടപടിയൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ഓഡിറ്റ് വേളയിലും 160 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 77173/- രൂപ വീതം ഒടുക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പൊതുടാപ്പുകളുടെ പ്രസക്തി തന്നെ നഷ്ടപ്പെട്ടു. ഓരോ ഗുണഭോക്താവിൽ നിന്നും അവർ ഉപയോഗിക്കുന്ന ജലത്തിന്റെ അളവിന് ആനുപാതികമായി വാട്ടർ അതോറിറ്റി വെള്ളക്കരം ഈടാക്കുന്നുണ്ട്. അതോടൊപ്പം ഉപയോഗിക്കാത്ത പൊതുടാപ്പുകൾക്ക് ഓരോ മാസവും വലിയ തുക ചെലവഴിക്കുന്നത് ഗ്രാമപഞ്ചായത്തിന് അധിക സാമ്പത്തിക ബാധ്യതയാണ് ഉണ്ടാക്കുന്നത്. 07/22 ൽ നടത്തിയ സംയുക്ത പരിശോധന പ്രകാരം നിലവിലുള്ള 427 പൊതുടാപ്പുകളിൽ 294 എണ്ണം വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 4,27,000/- രൂപ ഒടുക്കിയതിന്റെ അടിസ്ഥാനത്തിൽ, ഇവ ഘട്ടംഘട്ടമായി വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നിലവിൽ 160 ടാപ്പുകൾക്കാണ് വെള്ളക്കരം ഒടുക്കുന്നതെന്നും ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (13/6.12.22) മറുപടി നൽകി.

പൊതുടാപ്പുകൾ ആവശ്യമായവ മാത്രം നിലനിർത്തി വെള്ളക്കരം അടക്കുന്നത് സംബന്ധിച്ച് വ്യക്തമായ നടപടികൾ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 പശുക്കൾക്ക് ധാതുലവണ മിശ്രിതവും വിരമരുന്നും - വാങ്ങിയ ധാതുലവണ മിശ്രിതം പൂർണ്ണമായി വിതരണം ചെയ്തില്ല.

നിർവ്വഹണം -- വെറ്ററിനറി സർജൻ

ചെലവ് തുക - 125000/- (ബിൽ നം 06/16.11.21)

പശുക്കൾക്ക് ധാതുലവണ മിശ്രിതവും വിരമരുന്നും (പ്രോ.നം 14/22) എന്ന പദ്ധതിയ്ക്കായി കേരള ഫീഡ്സിൽ നിന്നും 1250kg ധാതുലവണ മിശ്രിതം (കേരമിൻ) വാങ്ങുന്നതിനായി കിലോഗ്രാമിന് 100/- നിരക്കിൽ 125000/- രൂപ

ചെലവഴിച്ചിട്ടുണ്ട്. സ്റ്റോക്ക്, വിതരണ രേഖകൾ പരിശോധിച്ചതിൽ, 11/2022 വരെ ഒരു ഗുണഭോക്താവിന് 5kg എന്ന നിരക്കിൽ 115 ഗുണഭോക്താക്കൾക്കായി 575 Kg ധാതുലവണ മിശ്രിതം മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. ടി പ്രോജക്ടിനായി 571 പേർ ഉൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റാണ് ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയിട്ടുള്ളത്. കേരള ഫീഡ്സിൽ നിന്നും വാങ്ങിയ ധാതുലവണ മിശ്രിതം അർഹതയുള്ള ഗുണഭോക്താക്കൾക്ക് പൂർണ്ണമായി വിതരണം ചെയ്യുവാൻ കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 11/6.12.22) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

കേരള ഫീഡ്സിൽ നിന്നുള്ള ഇൻവോയ്സ് (നം. 31480/25.10.21) പരിശോധിച്ചതിൽ, ധാതുലവണ മിശ്രിതം (കേരമിൻ) സപ്ലൈ ചെയ്തിരിക്കുന്നത് 10/21ൽ ആണ്. ഇവ സപ്ലൈ ചെയ്ത് ഒരു വർഷം കഴിഞ്ഞിട്ടും ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ സാധിക്കാത്തത് പദ്ധതി നിർവ്വഹണത്തിലെ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ഭൂരിഭാഗവും ക്ഷീരകർഷകർ അല്ലാത്തതിനാലാണ് ഇവ പൂർണ്ണമായി വിതരണം ചെയ്യാൻ സാധിക്കാത്തതെന്ന് നിർവഹണ ഉദ്യോഗസ്ഥ വാക്കാൽ അറിയിച്ചു.

10/21ൽ സപ്ലൈ ചെയ്ത കേരമിൻ ഒരു വർഷം കഴിഞ്ഞിട്ടും വിതരണം ചെയ്യാത്തതിനാൽ ഇത് ഇനിയും ഉപയോഗ യോഗ്യമാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. ഉപയോഗക്ഷമമാണെങ്കിൽ ഗ്രാമപഞ്ചായത്തിലെ യഥാർത്ഥ ക്ഷീരകർഷകരെ കണ്ടെത്തി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അനുവാദത്തോടെ ഇവ വിതരണം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളെ വിശദാംശങ്ങൾ അടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

നാളിതുവരെ വിതരണം നടത്താത്ത ധാതുലവണ മിശ്രിതത്തിന്റെ വിലയായ 67,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി മാർഗ്ഗരേഖ കർശനമായി പാലിച്ചുകൊണ്ട് തികഞ്ഞ ഉത്തരവാദിത്വത്തോടെ പദ്ധതിപ്പണം വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (പ്രോ.നം 187/22) – പ്രവർത്തി പൂർത്തിയാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനായി തൻവർഷം 23,80,953/- രൂപ (വി.ഫ – 569000/-, സി.എഫ്.സി - 17,31,000/-, തനത് ഫണ്ട് - 80953/-) വൈദ്യുതി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക കൈമാറുന്നതിന് മുമ്പ് നിർവ്വഹണ ഏജൻസിയുമായി പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച് കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ടി പ്രവർത്തിയ്ക്കായി സെക്രട്ടറിയുടെ പേരിൽ 200/- രൂപയുടെ മുദ്രപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുള്ളതല്ലാതെ കരാറിൽ ഏർപ്പെട്ടില്ല. കെ.എസ്.ഇ.ബിയുമായി കരാർ ചമയ്ക്കാത്തതിനാൽ നിലവിൽ ആരംഭിച്ചിട്ടില്ലാത്ത ടി പ്രവർത്തി എപ്പോൾ തുടങ്ങുമെന്നോ എപ്പോൾ പൂർത്തിയാക്കുമെന്നോ വ്യക്തമല്ല. കരാർ ചമയ്ക്കാതെ തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെട്ട രേഖകൾ ഹാജരാക്കി. പദ്ധതി പൂർത്തിയാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 23,80,953/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം.

ചെലവ് തുക – 569000/- (ബിൽ നം. 29/5.3.22)

ചെലവ് തുക – 1312026/- (ബിൽ നം. 478/5.3.22)

ചെലവ് തുക – 418974/- (ബിൽ നം. 503/11.3.22)

ചെലവ് തുക – 80953/- (തനത് ഫണ്ട് ചെക്ക് നം. 84869/27.3.22)

ആകെ ചെലവ് തുക -- 23,80,953/-

## 1-22 പാലിന് സബ്സിഡി- ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടില്ല.

പ്രോജക്ടിന്റെ പേര് : പാലിന് സബ്സിഡി
പ്രോജക്ട് നം. : 10
അടങ്കൽ : വികസന ഫണ്ട്- 1200000/-
ജില്ലാ പഞ്ചായത്ത് വിഹിതം- 200000
ചെലവ് : 1400000/- (1.ബിൽ നം.1 തീയതി 28.10.2021-124092/-രൂപ

2.ബിൽ നം.2 തീയതി 28.10.2021-103288/-രൂപ

3.ബിൽ നം.4 തീയതി 28.10.2021-370002/-രൂപ

4.ബിൽ നം.7 തീയതി 02.11.2021-23926/-രൂപ

5.ബിൽ നം.8 തീയതി 02.11.2021-282224/-രൂപ

6.ബിൽ നം.9 തീയതി 12.11.2021-60388/-രൂപ

7.ബിൽ നം.12 തീയതി 12.11.2021-70329/-രൂപ

8.ബിൽ നം.13 തീയതി 12.11.2021-38978/-രൂപ

9.ബിൽ നം.15 തീയതി 15.11.2021-100950/-രൂപ

10.ബിൽ നം.17 തീയതി 25.11.2021-8390/-രൂപ

11.ബിൽ നം.18 തീയതി 25.11.2021-17433/-രൂപ

12.ബിൽ നം.19 തീയതി 25.11.2021-76200/-രൂപ

13.ബിൽ നം.20 തീയതി 25.11.2021-123800/-രൂപ)

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം പാലിന് സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ ട്രഷറിയിൽ നിന്നുള്ള യുണീക് ട്രാൻസാക്ഷൻ റഫറൻസ് പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | ഗുണഭോക്താവ് | ട്രഷറി ബിൽ റെഫറൻസ് നം. | തുക |
|---|---|---|---|
| 1 | സുമതി | 21060552016500549228 | 428 |
| 2 | കുഞ്ഞുമോൻ | 21060552016500549228 | 524 |
| 3 | ബാബു.കെ.കെ | 21060552016500549222 | 333 |
| 4 | ജയന്തി സതീശൻ | 21060552016500549222 | 1432 |
| 5 | സുരേന്ദ്രൻ.ബി | 21060552016500549222 | 2436 |
| 6 | വൽസല | 21060552016500582764 | 1417 |
| 7 | കുഞ്ഞുമോൻ | 21060552016500640263 | 1269 |
| 8 | വൽസല | 21060552016500667643 | 153 |
| 9 | അമ്പി.പി.എം | 21060552016500701052 | 40 |
| 10 | ബാബു.കെ.കെ | 21060552016500701052 | 944 |
| 11 | ജയന്തി സതീശൻ | 21060552016500701052 | 681 |
| 12 | സുരേന്ദ്രൻ.ബി | 21060552016500701052 | 923 |
| ആകെ | | | |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി 29.11.2022), ഡയറി ഫാം ഇൻസ്ട്രക്ടർ നല്കിയ മറുപടി ചുവടെ ചേർക്കുന്നു. ടി തുക ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് അറിയുന്നത് സൂചന ഓഡിറ്റ് എൻക്വയറി ലഭ്യമായതിനു ശേഷം മാത്രമാണ്. ഈ ഗുണഭോക്താക്കളാരും തന്നെ തുക ലഭ്യമാകാതിരുന്നതു സംബന്ധിച്ച് പരാതി അറിയിച്ചിരുന്നില്ല. സാങ്കേതിക തകരാർ മൂലം അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെടാത്ത സാഹചര്യത്തിൽ പ്രസ്തുത തുക സസ്പെൻസ് അക്കൌണ്ടിലേയ്ക്ക് നീക്കപ്പെടുകയും നിശ്ചിത കാലയളവിന് ശേഷം അതത് ശീർഷകത്തിലേയ്ക്ക് തിരികെ ക്രഡിറ്റ് ചെയ്യുകയും ചെയ്യുന്നതാണെന്ന് പറഞ്ഞിരിക്കുന്നു. ഇത്തരത്തിൽ മേൽ ബില്ലുകൾ പ്രകാരം മാറിയ തുകകളിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെടാതിരുന്നത് അതത് ഹെഡ് ഓഫ് അക്കൌണ്ടിലേയ്ക്ക് തിരികെ പോയിട്ടുള്ളതിനാൽ ഗുണഭോക്താക്കൾക്ക് ലഭ്യമാവാനുള്ള സാഹചര്യമില്ലായെന്ന മറുപടി അംഗീകരിക്കുന്നു. ഭാവിയിൽ ഇത്തരത്തിൽ സാങ്കേതിക തകരാർ മൂലം അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെടാതെ വരുന്ന തുകകൾ യഥാസമയം ട്രഷറി അധികാരികളെ അറിയിച്ച് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 നിലാവ് പദ്ധതി - കേടായ ലൈറ്റുകൾക്ക് പകരം ലൈറ്റുകൾ ലഭ്യമാക്കിയില്ല

സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിലാവ് പദ്ധതി പ്രകാരം 2021-22 വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലായി 500 ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലാവ് ലൈറ്റുകൾക്ക് 7 വർഷം വാറന്റിയുള്ളതും കേടായ ലൈറ്റുകൾക്ക് പകരം പുതിയ ലൈറ്റുകൾ വൈദ്യുതി ബോർഡ് നൽകുന്നതുമാണെന്ന് 08/10/2021 ലെ ഡി.ബി/നിലാവ് /2021-22/63 നമ്പർ കത്ത് പ്രകാരം തണ്ണീർമുക്കം ഇലക്ട്രിക്കൽ സെക്ഷൻ അസി.എക്സി.എഞ്ചിനീയർ ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുള്ളതാണ്. 2021-22 വർഷത്തെ തെരുവ് വിളക്ക് റിപ്പയറിംഗുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, നിലാവ് പദ്ധതി പ്രകാരമുള്ള 58 ലൈറ്റുകൾ റിപ്പയർ ചെയ്തതിന് കരാറുകാരന് 5162/- രൂപ (58 X 89) നൽകിയിട്ടുണ്ട്. എന്നാൽ കേടായ ലൈറ്റുകൾക്ക് പകരം വൈദ്യുതി ബോർഡിൽ നിന്നും പുതിയ ലൈറ്റുകൾ ലഭിച്ചതായി ഫയലിലോ സ്റ്റോക്ക് രജിസ്റ്ററിലോ കാണുന്നില്ല. തെരുവ് വിളക്കുകൾ സമയബന്ധിതമായി പ്രവർത്തിപ്പിക്കേണ്ടതിനാൽ ഗ്രാമപഞ്ചായത്ത് യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും വാങ്ങിയ ലൈറ്റുകളാണ് പകരം ഉപയോഗിച്ചിട്ടുള്ളത്. കേടായ ലൈറ്റുകൾക്ക് പകരം പുതിയ ലൈറ്റ് വൈദ്യുതി ബോർഡിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 28/8.12.22) മറുപടി

ലഭ്യമാക്കിയില്ല.

## 1-24 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) - അലോട്ട്മെന്റ് തുക വരവിൽ ഉൾപ്പെടുത്താതെ പാഴാക്കി.

പ്രാദേശിക സർക്കാരുകൾക്ക് മുൻ സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത തുകയിൽ 20% തുക ക്യാരി ഓവർ ചെയ്യുന്നതിന് സർക്കാർ അനുമതി നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2020-21 സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ ചെലവഴിക്കപ്പെടാത്തതു മൂലം ക്യാരി ഓവർ ചെയ്യുന്നതിന് അനുമതി നല്കിയിട്ടുള്ള തുകയുടെ പകുതി 31.03.2022-ലെ ജി.ഒ(ആർ.റ്റി)നം.2617/2022/ഫിൻ ഉത്തരവ് പ്രകാരം അനുവദിച്ച നല്കിയിരുന്നു. മേൽ ഉത്തരവ് പ്രകാരം തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിന് താഴെപ്പറയും പ്രകാരം തുകകൾ അനുവദിച്ച നല്കിയിരുന്നു.

| ക്രമ നം. | ഇനം | അനുവദിച്ച തുക |
|---|---|---|
| 1 | വികസന ഫണ്ട്-ജനറൽ | 2657600 |
| 2 | വികസന ഫണ്ട്- എസ്.സി.പി | 316940 |
| 3 | മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 39419 |
| 4 | മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 35558 |

സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസം അലോട്ട്മെന്റായി അനുവദിച്ച മേൽ ഗ്രാന്റുകളിൽ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) തുക പഞ്ചായത്ത് യഥാസമയം വരവ് വെയ്ക്കാതിരുന്നതിനാൽ ടി തുക തൻവർഷം നഷ്ടപ്പെടുകയാണ് ഉണ്ടായത്. മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) യഥാസമയം വരവിൽ ഉൾപ്പെടുത്താതെ നഷ്ടപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/8.12.22) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന ഗ്രാന്റുകൾ യഥാസമയം വരവിൽ ഉൾപ്പെടുത്തുന്നതിനും കൃത്യമായി ചെലവഴിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാന്റുകളുടെ വരവ്, ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

## 1-25 തൊഴിലുറപ്പ് പദ്ധതി- റോഡ് നിർമ്മാണം പൈപ്പിന്റെ വ്യാപ്തം കുറവു ചെയ്തില്ല. അധികം നൽകിയത് - 8540/-

| | |
|---|---|
| പ്രോജക്ട് | നാമക്കാട്ട് കണിയാം വെളി റോഡ് നിർമ്മാണം |
| സപ്ലയർ | പി.ജി.ഗോപിനാഥ് |
| അളവു പുസ്തകം | 865/2019-20 |
| ചെലവു വിവരം | ML-2629/31-07-21 രൂപ 406639 |

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 282 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ ഗ്രഡ് എർത്ത് ഫില്ല് ചെയ്ത് റോഡ് നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടുന്നു. ഇതിൽ ചെയിനേജ് 181.30 മീറ്റർ മുതൽ 228.30 മീറ്റർ വരെ 1 മീറ്റർ കനത്തിൽ ഗ്രഡ് എർത്ത് ഫില്ല് ചെയ്തിട്ടുണ്ട്. മേൽ ചെയ്നേജിൽ 43.50 മീറ്റർ നീളത്തിൽ 500mm RCCപൈപ്പ് സ്ഥാപിച്ചിട്ടുണ്ട്. അതിനാൽ ഗ്രഡ് എർത്ത് ഫില്ലിംഗ് അളവിൽ നിന്നും പൈപ്പിന്റെ വ്യാപ്തം കുറവു ചെയ്യേണ്ടതായിരുന്നു. ഈ പ്രവൃത്തിയിൽ 352.98 $M^3$ ഗ്രഡ് എർത്തിന്റെ വിലയായി @ 1000 നിരക്കിൽ കരാറുകാരന് 352980/- രൂപ അനുവദിച്ചിട്ടുണ്ട്. പൈപ്പിന്റെ വ്യാപ്തം കുറവു ചെയ്യാതിരുന്നതിനാൽ സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരന് താഴെപ്പറയും പ്രകാരം അധികം തുക നൽകാനിടയായി.

കുറവു ചെയ്യേണ്ട പൈപ്പിന്റെ വ്യാപ്തം - 3.14 X 0.25 X0.25 X43.50 = 8.54 $M^3$

അധികം നൽകിയ തുക – 8.54 @ 1000 = 8540/-

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-26 തൊഴിലുറപ്പ് പദ്ധതി- ചുറ്റുമതിൽ നിർമ്മാണം . അധികം നൽകിയത് - 3267/-

| | |
|---|---|
| പ്രോജക്ട് | പഞ്ചായത്ത് സ്കൂൾ ചുറ്റുമതിൽ നിർമ്മാണം |
| സപ്ലയർ | തിരുമേനി വി.പി |
| അളവു പുസ്തകം | 837/2019-20 |
| ചെലവു വിവരം | ML-2768/11-08-21 രൂപ 180566 |

പഞ്ചായത്ത് സ്കൂൾ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് ഉപയോഗിച്ച സ്റ്റീലിന്റെ അളവ് 81.212 Kg ആണ് (അളവു പുസ്തകം പേജ് 10). എന്നാൽ സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരന് 1.3658 ക്വിന്റലിന് @ 5900/- രൂപ നിരക്കിൽ 8058/- രൂപ അനുവദിച്ചിട്ടുണ്ട്. അധികം നൽകിയത് - 55.368 Kg (136.58 – 81.212) @ 59/kg = 3267/- ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-27 മരുന്നു വാങ്ങൽ - പൂർണമായും മരുന്ന് ലഭിച്ചിട്ടില്ല

ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായി വരുന്ന മരുന്നുകൾ വാങ്ങുന്നതിന് പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പൂർണമായും മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക | ലഭിച്ച മരുന്നുകളുടെ വില | ലഭിക്കാനുള്ളത് |
|---|---|---|---|---|
| ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (S0039/22) | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 200000 | 102814 | 97186 |

ബാക്കി മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 മെറിറ്റോറിയസ് സ്കോളർഷിപ്പ്- എസ്.സി- അർഹതാ രേഖ ലഭ്യമല്ല

പ്രോജക്ടിന്റെ പേര്- മെറിറ്റോറിയസ് സ്കോളർഷിപ്പ്- (എസ്.സി)

പ്രോജക്ട് നം.- 237

അടങ്കൽ- വികസന ഫണ്ട്-എസ്.സി.പി- 270000

ചെലവ്- 240000

1.ബിൽ നം.9 തീയതി 03.11.2021- 100000/-രൂപ

2.ബിൽ നം.18 തീയതി 25.02.2022- 55000/-രൂപ

3.ബിൽ നം.21 തീയതി 07.03.2022- 70000/-രൂപ

4.ബിൽ നം.22 തീയതി 20.03.2022- 15000/-രൂപ

സർക്കാർ ഉത്തരവ് (കൈ) നം.22/2018 ത.സ്വ.ഭ.വ തീയതി 14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.5, 7.2.6 എന്നിവയിൽ പട്ടികജാതി/പട്ടികവർഗ വിഭാഗക്കാരായ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുന്നതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. പ്രസ്തുത ഖണ്ഡികകളുടെ ചുവടെ ചേർത്തിട്ടുള്ള കുറിപ്പിൽ ഈയിനത്തിന് ഒരാൾക്ക് ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പുകളിൽ നിന്നോ ധനസഹായത്തിന് അർഹതയില്ലായെന്ന് പറഞ്ഞിരിക്കുന്നു. ഈ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ തൻവർഷം ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികൾക്കെല്ലാം സ്കോളർഷിപ്പ് അനുവദിക്കുന്നതിന് മുൻപായി ഗ്രാമ പഞ്ചായത്തിൽ നിന്നും തൻവർഷം ആനുകൂല്യം നല്കിയിട്ടില്ലായെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | സർട്ടിഫിക്കറ്റ് നം./ തീയതി | കൈപ്പറ്റിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | അനുപമ D/o ഷാജി | സി-7114/21/31.08.2021 | 15000 |
| 2 | ഗുരുധർമൻ.ഡി S/o രത്നമ്മ.പി | സി-8467/21/11.10.2021 | 20000 |
| 3 | ഐശ്വര്യ.എം D/o മുരളീധരൻ | സി-6660/21 /06.08.2021 | 20000 |
| 4 | ലയന.പി.ബാബു D/0 പത്മജ | സി-6921/21/16.08.2021 | 50000 |
| 5 | അർജ്ജുൻ രമേഷ് S/o പ്രിയ | സി-7933/21/22.09.2021 | 20000 |
| 6 | അയനാ മോഹൻ D/o മോഹനൻ | സി-7040/21/25.08.2021 | 15000 |
| | ആകെ | | 140000/-രൂപ |

ടി വിദ്യാർത്ഥികൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ ജില്ലാ പഞ്ചായത്തിൽ നിന്നോ പട്ടികജാതി വികസന വകുപ്പിൽ നിന്നോ ആനുകൂല്യം നല്കിയിട്ടില്ലായെന്ന് തെളിയിക്കുന്നതിനുള്ള രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. ടിയാളുകൾക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും മെറിറ്റോറിയസ് സ്കോളർഷിപ്പ് ലഭ്യമായിട്ടില്ലായെന്ന സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/01.12.2022) മറുപടി ലഭ്യമാക്കിയില്ല. മറുപടിയുടെ അഭാവത്തിൽ മേൽ ചെലവ് തുക 140000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 വിവാഹ ധനസഹായം- പട്ടികജാതി- രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ടിന്റെ പേര്- വിവാഹ ധനസഹായം- (പട്ടികജാതി)

പ്രോജക്ട് നം.- 202

അടങ്കൽ- വികസന ഫണ്ട്-എസ്.സി.പി- 180000

തനത് ഫണ്ട് - 45000

ആകെ- 225000

ചെലവ്- 195000

1.ബിൽ നം.7 തീയതി 03.11.2021- 150000/-രൂപ

2. 45000/-രൂപ (ചെലവ് പത്രിക പ്രകാരം)

മേൽ പദ്ധതിക്കായി തൻവർഷം വികസന ഫണ്ട് പ്രത്യേക ഘടക പദ്ധതിയിൽ നിന്നും 150000/-രൂപയും തനത് ഫണ്ടിൽ നിന്നും 45000/-രൂപയും ചെലവഴിച്ചതായി സുലേഖയിൽ നിന്നുള്ള പദ്ധതി ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 45000/-രൂപയുടെ വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3 തീയതി 01.12.2022) മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 45000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 കരാറുകാരൻ ഹാജരാക്കിയ ബില്ലിൽ കാണിച്ചിരിക്കുന്ന അളവിനേക്കാൾ കൂടുതൽ സ്റ്റാക്ക് ചെയ്ത അളവ്

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത റോഡ് നിർമ്മാണപ്രവൃത്തികൾക്ക് സാധനങ്ങൾ വിതരണം ചെയ്തതിന് കരാറുകാരൻ ഹാജരാക്കിയ ബില്ലിൽ കാണിച്ചിരിക്കുന്ന ഗ്രഡ് എർത്തിന്റെ അളവിനേക്കാൾ കൂടുതൽ സ്റ്റാക്ക് ചെയ്തതായി കാണിച്ച് ഇതിൽ നിന്നും കൺസോളിഡേഷൻ ഇനത്തിൽ 20% കുറവ് ചെയ്താണ് തുക അനുവദിച്ചിരിക്കുന്നത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | കരാറുകാരൻ | ബിൽ നമ്പർ | ബിൽ പ്രകാരമുള്ള അളവ് | സ്റ്റാക്ക് ചെയ്തതായി കാണിച്ചിരിക്കുന്ന അളവ് |
|---|---|---|---|---|
| നാമക്കാട്ട് കണിയാംവെളി റോഡ് നിർമ്മാണം. | പി.ജി.ഗോപിനാഥ് | 334/04-12-2020 | 352.98 $M^3$ | 441.36 $M^3$ |
| മുണ്ടട്ട ചിറക്കൽ തെക്കംചായത്ത് റോഡ് നിർമ്മാണം. | ഗോകുൽ ജി നാഥ് | 116/05-02-21 | 225 $M^3$ | 281.41 $M^3$ |
| മരുത്തോർവട്ടം ക്ഷേത്രം മാന്താനത്ത് റോഡ് നിർമ്മാണം. | ഗോകുൽ ജി നാഥ് | 111/25-04-21 | 201.30 $M^3$ | 255.41 $M^3$ |
| അയ്യം കോവിൽ റോഡ് നിർമ്മാണം. | ഗോകുൽ ജി നാഥ് | 110/28-03-21 | 335.96 $M^3$ | 419.95 $M^3$ |

വിതരണം ചെയ്ത അളവിനേക്കാൾ കൂടുതൽ അളവ് സ്റ്റാക്ക് ചെയ്തതായി കാണിച്ചിരിക്കുന്നതിന് വിശദീകരണം നൽകാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 9 ന് മറുപടി നൽകിയില്ല. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 സാക്ഷരത, ശുചിത്വ മിഷൻ എന്നിവ കറന്റ് അക്കൗണ്ടുകളായി നിലനിർത്തുന്നതുമൂലം പലിശയിനത്തിൽ വരവ് നഷ്ടം ഉണ്ടാകുന്നു

2021-22 വർഷത്തെ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലെ സാക്ഷരതാ, ശുചിത്വ മിഷൻ അക്കൗണ്ടുകൾ കറന്റ് അക്കൗണ്ടുകളായാണ് നിലനിർത്തിയിരിക്കുന്നത്. ആയതിനാൽ ടി അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് തുകയ്ക്ക് പലിശ ലഭിക്കുന്നില്ല. ശുചിത്വ മിഷൻ അക്കൗണ്ടിലെ 31/3/2022-ലെ നീക്കിയിരുപ്പ് 14,22,941/- രൂപയും സാക്ഷരതാ അക്കൗണ്ടിലെ 31/3/2022-ലെ നീക്കിയിരുപ്പ് 4,56,116/- രൂപയുമാണ്. സാക്ഷരതാ മിഷൻ അക്കൗണ്ടിൽ 2021-22 വർഷം യാതൊരുവിധ ഇടപാടുകളും നടന്നിട്ടുമില്ല. ടി അക്കൗണ്ടുകൾ കറന്റ് അക്കൗണ്ടുകളായി നിലനിർത്തുവാൻ നിർദ്ദേശിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇവ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളായി മാറ്റുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-32 ആംബുലൻസ് സർവ്വീസ് - 6 മാസം മാത്രം സർവ്വീസ് നടത്തി പ്രവർത്തനം അവസാനിപ്പിച്ചു

2019-20 സാമ്പത്തിക വർഷത്തിലെ എം. പി ലാഡ്സ് പദ്ധതിയിൽപ്പെടുത്തി CHC തണ്ണീർമുക്കത്തിന് 1009390/-രൂപ ചെലവഴിച്ച് ആംബുലൻസ് വാങ്ങി നൽകിയിട്ടുണ്ട്. എം.പി. ലാഡ്സ് ഗൈഡ് ലൈൻസ് പ്രകാരം ആലപ്പുഴ ജില്ലാമെഡിക്കൽ ഓഫീസറുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ടി വാഹനം ആശുപത്രിയുടെ ഉപയോഗത്തിലേക്ക് 01-11-21 മുതൽ അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിൻമേൽ ആവശ്യമായ ഡ്രൈവറുടെ വേതനം, ഡീസൽ അറ്റകുറ്റപ്പണിക്ക് ആവശ്യമായ തുക, ഇൻഷ്വറൻസ് എന്നിവയ്ക്കായി മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ് മുഖേനേ 3 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കി ബന്ധപ്പെട്ട തുക അനുവദിച്ചു നൽകാനും ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനും മെഡിക്കൽ ഓഫീസർ, CHCയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 3 ലക്ഷം രൂപ അടങ്കലിൽ S0239/22 നമ്പറായി പ്രോജക്ട് തയ്യാറാക്കി തൻവർഷം 60991/-രൂപ ചെലവഴിച്ചിട്ടുണ്ട്. വാഹനത്തിന്റെ (KL04-7423) ലോഗ് ബുക്ക് പരിശോധിച്ചതിൽ 27-02-22 ൽ സർവ്വീസ് തുടങ്ങിയ വാഹനം 16-07-22ൽ സേവനം അവസാനിപ്പിച്ചിരിക്കുന്നതായി കാണുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ആരോഗ്യകേന്ദ്രത്തിലെ ആശുപത്രി മാനേജ്മെന്റ് ഫണ്ട് ആംബുലൻസ് പ്രവർത്തനം നടത്തിക്കൊണ്ട് പോകുന്നതിന് അപര്യാപ്തമാണെന്നും ആംബുലൻസിന്റെ പ്രവർത്തന ചെലവിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നിയമപരമായി കഴിയില്ലെന്ന് കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം ഇതിനായി പ്രോജക്ട് അംഗീകരിച്ച്

കിട്ടിയില്ലെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. ഏകദേശം ആറ് മാസത്തോളമായി ആംബുലൻസ് റോഡിലിറക്കിയിട്ട്. വാഹനം ഓടാതിരുന്നാൽ ബാറ്ററി, എഞ്ചിൻ മുതലായവ കേട് വരുന്ന സ്ഥിതി സംജാതമാകുന്നതിനാൽ ആയത് ഒഴിവാക്കാൻ മറ്റു സ്ഥാപനത്തിലേക്ക് വാഹനം മാറ്റുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്യണമെന്ന് മെഡിക്കൽ ഓഫീസർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കത്തു നൽകിയിട്ടുണ്ട്. 10 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ വാഹനം 6 മാസം കൊണ്ട് സേവനം അവസാനിപ്പിച്ചിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. അതിനാൽ ആംബുലൻസിന്റെ സേവനം ലഭ്യമാകുവാൻ ആവശ്യമായ അടിയന്തിര നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്.

## 1-33 പി.വി.സി വാട്ടർ ടാങ്ക് എസ്.സി- മതിയായ കാരണം കൂടാതെ റീ-ടെണ്ടർ ചെയ്തു- പഞ്ചായത്തിന് നഷ്ടം

പ്രോജക്ടിന്റെ പേര്- പി.വി.സി വാട്ടർ ടാങ്ക് എസ്.സി

പ്രോജക്ട് നം- 127

അടങ്കൽ- ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 300000

ഗുണഭോക്തൃ വിഹിതം - 100000

ആകെ-400000

ചെലവ്- 256750

1.ബിൽ നം.7 തീയതി 03.11.2021

2.ചെക്ക് നം.644887 തീയതി 03.11.2021- 65000/-രൂപ

പട്ടികജാതി വിഭാഗത്തിൽപെട്ട കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നല്കുന്നതിനായാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഫയൽ പരിശോധിച്ചതിൽ 5000 ലിറ്റർ ശേഷിയുള്ള ഐ.എസ്.ഐ മുദ്രയുള്ള വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിനായാണ് ടെണ്ടർ ക്ഷണിച്ചിരിക്കുന്നതെന്ന് കാണുന്നു (സി.14497/19/1 തീയതി 29.09.2021). ഒരു ടാങ്കിന്റെ വില 4000/-രൂപയിൽ അധികമാകാൻ പാടില്ലായെന്ന് നിബന്ധന പറഞ്ഞിട്ടുണ്ട്. ആയതിൻ പ്രകാരം പ്രീമിയർ പോളിമേഴ്സ് & പൈപ്പ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഹെലിക്സ് ഏജൻസീസ് കൊറ്റംകുളങ്ങര വാർഡ്, ആലപ്പുഴ എന്നീ രണ്ട് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. പ്രീമിയർ പോളിമേഴ്സ് എന്ന സ്ഥാപനം ടെണ്ടർ നിബന്ധന പ്രകാരമുള്ള വാട്ടർ ടാങ്കൊന്നിന് 2950/-രൂപയും, ഹെലിക്സ് ഏജൻസീസ് എന്ന സ്ഥാപനം 4100/-രൂപയും ആണ് ക്വോട്ട് ചെയ്തിരുന്നത്. പഞ്ചായത്ത് കമ്മറ്റിയുടെ 22.10.2021 തീയതിയിലെ 3-ാം നമ്പർ തീരുമാന പ്രകാരം “രണ്ട് ടെണ്ടറുകൾ മാത്രം ലഭിച്ചതിനാൽ റീ-ടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ചു”. റീ-ടെണ്ടർ ചെയ്തതിൻ പ്രകാരം ഹെലിക്സ് ഏജൻസീസ്, ട്രൈടെക് ട്രേഡേഴ്സ് എന്നീ രണ്ട് സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുക്കുകയും കുറഞ്ഞ തുക ക്വോട്ട് ചെയ്ത (ടാങ്കൊന്നിന് 3990/-രൂപ) ഹെലിക്സ് ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. ആദ്യ ഘട്ടത്തിൽ സമർപ്പിച്ച ടെണ്ടർ നിരക്കിനേക്കാൾ വളരെ കൂടിയ നിരക്കിലുള്ള തുകകളാണ് പിന്നീട് ലഭിക്കുകയും അംഗീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നത്. ജി.ഒ(പി)259/2010/ത.സ്വ.ഭ.വ തീ.08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാനുവലിലെ ഖണ്ഡിക 5.1-ലെ പട്ടികയിൽ “Even When Only One Tender Is Submitted, The Process Is Valid, If The Tender Was Satisfactorily Advertised And Prices Are Reasonable In Comparison To Estimates”. പ്രോജക്ടിൽ ഒരു ടാങ്കിന് എസ്റ്റിമേറ്റ് ചെയ്തിരുന്ന നിരക്ക് 4000/-രൂപയാണ്. അതിനേക്കാൾ 25%-ൽ അധികം കുറഞ്ഞ തുക ക്വോട്ട് ചെയ്ത ടെണ്ടർ ലഭ്യമായിരുന്നിട്ടും ആയത് പരിഗണിക്കാതെ റീ-ടെണ്ടർ ചെയ്തത് മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം ന്യൂനതകൾ ആവർത്തിക്കാ തിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 കുറ്റിമുല്ലകൃഷി -തൊഴിൽ ദിനങ്ങൾ കൂടുതലായി അനുവദിക്കുന്നു.

തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രൂപ്പുകൾക്ക് ഒരു വരുമാന മാർഗ്ഗം സൃഷ്ടിച്ചു കൊടുക്കുക എന്ന ലക്ഷ്യത്തോടെ ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തിയാണ് കുറ്റിമുല്ല കൃഷി. പുല്ലും കാടുകളും വെട്ടി വൃത്തിയാക്കി 20cm X20cm X20cm അളവിലുള്ള കുഴി എടുത്താണ് കുറ്റിമുല്ല നടുന്നത്. ഒരു സെന്റ് സ്ഥലത്ത് ഏകദേശം 35 തൈകളാണ് നടേണ്ടത്. 9 തൊഴിലാളികൾക്ക് 1530 തൈകൾ എന്ന കണക്കിൽ 3 വർഷത്തേക്ക് പരിപാലിക്കുന്നതിനാണ് (ഒരു വർഷം 180 ദിവസം) എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഓരോ ഗ്രൂപ്പിനുമുള്ള കുറ്റിമുല്ല കൃഷിയുടെ എസ്റ്റിമേറ്റ് പ്രകാരം വരുന്ന അടങ്കൽ തുക 487923/- രൂപയാണ്.

എസ്റ്റിമേറ്റ് പ്രകാരം പുല്ലും കാടുകളും വെട്ടി വൃത്തിയാക്കി 1530 എണ്ണം 20cm X20cm X20cm അളവിലുള്ള കുഴി എടുത്ത് കുറ്റിമുല്ല നടുന്നതിനും ഒരു വർഷത്തേക്ക് ഇവ പരിപാലിക്കുന്നതിനും വേണ്ടി വരുന്ന തൊഴിൽ ദിനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | തൊഴിൽദിനം |
|---|---|

| | |
|---|---|
| പുല്ലും കാടുകളും വെട്ടി വൃത്തിയാക്കൽ | 41.938 |
| 1530 കുഴിയെടുക്കൽ | 8.421 |
| 153 കുറ്റിമുല്ല നടൽ | 7.65 |
| ഒരുവർഷത്തെക്കുള്ള പരിപാലനം<br>1530 X180 = 275400 @0.0019 | 523 |
| ആകെ | 581.009 |

ഫയൽ പരിശോധിച്ചതിൽ ഒരു സാമ്പത്തിക വർഷത്തേക്ക് പരിപാലനം ഉൾപ്പെടെ അനുവദിച്ചിരിക്കുന്ന തൊഴിൽദിനങ്ങൾ വളരെ കൂടുതലാണ്. ഏതാനും ഗ്രൂപ്പുകളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗ്രൂപ്പിന്റെ പേര് | പ്രവൃത്തി ആരംഭിച്ച തീയതി | 31-03.22 വരെ അനുവദിച്ച തൊഴിൽ ദിനം | അനുവദനീയമായ പരമാവധി തൊഴിൽ ദിനങ്ങൾ | അധികം അനുവദിച്ചത് |
|---|---|---|---|---|---|
| 1 | സൗഭാഗ്യ ഗ്രൂപ്പ് പാർട്ട് 2 വാർഡ് -18 | 01-10-21 | 659 | 581 | 78 |
| 2 | സമന്യ ഗ്രൂപ്പ് വാർഡ് -18 | 01-10-21 | 624 | 581 | 43 |
| 5 | സൗഭാഗ്യ ഗ്രൂപ്പ് പാർട്ട് 1 വാർഡ് -18 | 08-10-21 | 696 | 581 | 115 |
| | | | ആകെ | | 236 |

കുറ്റിമുല്ല കൃഷി സംബന്ധിച്ച 13-09-21 ലെ 5-ാം നമ്പർ തീരുമാനം ചുവടെ കൊടുക്കുന്നു.

കുറ്റിമുല്ല കൃഷിയുടെ പരിപാലനത്തിൽ മുഴുവൻ തൊഴിലാളികളേയും ആവശ്യമില്ലാത്തതിനാൽ ടി തൊഴിലാളികളെ ആനുപാതികമായി പ്രവൃത്തിയിൽ നിർത്തേണ്ടി വരുന്നതിനാൽ ഡിമാന്റ് ചെയ്തിട്ടുള്ള മുഴുവൻ തൊഴിലാളികൾക്കും ഡിമാന്റ് അനുസരിച്ച് പ്രവൃത്തി ദിനം ലഭിക്കാതെ വരുന്നു. ഈ സാഹചര്യത്തിൽ ഡിമാന്റ് ചെയ്തിട്ടുള്ള മുഴുവൻ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനം ലഭിക്കുന്നതിന് തുടർഘട്ടമായ പരിപാലന പ്രവൃത്തിയിൽ തൊഴിലാളികൾ ഏഴ് ദിവസവും തൊഴിൽ ചെയ്യുന്നതിന് കമ്മിറ്റി അംഗീകാരം നൽകി തീരുമാനിച്ചു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ അധികം തൊഴിൽ ദിനങ്ങൾ നൽകാനിടയായിട്ടുള്ളത്. ഇത് അധികച്ചെലവിനിടയാക്കുന്നു. തൻവർഷം 466 ഗ്രൂപ്പുകളാണ് കുറ്റിമുല്ല കൃഷി ചെയ്തിട്ടുള്ളത്. അതിനാൽ കൂടുതൽ തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നത് അധികച്ചെലവിനിടയാക്കുന്നു. അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 നെൽകൃഷി കൂലിച്ചെലവ് സബ്സിഡി - ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടില്ല.

പ്രോജക്റ്റിന്റെ പേര് : കതിർമണി

പ്രോജക്റ്റ് നം. : 30

അടങ്കൽ : വികസന ഫണ്ട്- 188360/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 348000

ചെലവ് : 394869/-

(1.ബിൽ നം.2 തീയതി 27.11.2021-117392/-രൂപ

2.ബിൽ നം.3 തീയതി 27.11.2021-26717/-രൂപ

3.ബിൽ നം.4 തീയതി 31.01.2022-116000/-രൂപ

4.ബിൽ നം.5 തീയതി 31.01.2022-26400/-രൂപ)
5.ബിൽ നം.8 തീയതി 31.01.2022-108360/-രൂപ)

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം നെൽകൃഷി കൂലിച്ചെലവ് സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ ട്രഷറിയിൽ നിന്നുള്ള യുണീക് ട്രാൻസാക്ഷൻ റഫറൻസ് പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള

അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | ഗുണഭോക്താവ് | ട്രഷറി ബിൽ റെഫറൻസ് നം. | തുക |
|---|---|---|---|
| 1 | രാമചന്ദ്രൻ | 21060552015300703741 | 1276 |
| 2 | അജിത തങ്കച്ചൻ | 21060552015300703741 | 5452 |
| 3 | രാമചന്ദ്രൻ | 21060552015300703740 | 290 |
| 4 | അജിത തങ്കച്ചൻ | 21060552015300703740 | 1241 |
| ആകെ | | | 8259 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2 തീയതി 29.11.2022) കൃഷി ഓഫീസർ നല്കിയ മറുപടി ചുവടെ ചേർക്കുന്നു. ടി തുക ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് അറിയുന്നത് സൂചന ഓഡിറ്റ് എൻക്വയറി ലഭ്യമായതിനു ശേഷം മാത്രമാണ്. ഈ ഗുണഭോക്താക്കളാരും തന്നെ തുക ലഭ്യമാകാതിരുന്നതു സംബന്ധിച്ച് അറിയിച്ചിരുന്നില്ല. സാങ്കേതിക തകരാർ മൂലം അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെടാത്ത സാഹചര്യത്തിൽ പ്രസ്തുത തുക സസ്പെൻസ് അക്കൌണ്ടിലേയ്ക്ക് നീക്കപ്പെടുകയും നിശ്ചിത കാലയളവിന് ശേഷം അതത് ശീർഷകത്തിലേയ്ക്ക് തിരികെ ക്രഡിറ്റ് ചെയ്യുകയും ചെയ്യുന്നതാണെന്ന് പറഞ്ഞിരിക്കുന്നു. ഇത്തരത്തിൽ മേൽ ബില്ലുകൾ പ്രകാരം മാറിയ തുകകളിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെടാതിരുന്ന തുക അതത് ഹെഡ് ഓഫ് അക്കൌണ്ടിലേയ്ക്ക് തിരികെ പോയിട്ടുള്ളതിനാൽ ഗുണഭോക്താക്കൾക്ക് ലഭ്യമാവാനുള്ള സാഹചര്യമില്ലായെന്ന മറുപടി അംഗീകരിക്കുന്നു. ഭാവിയിൽ ഇത്തരത്തിൽ സാങ്കേതിക തകരാർ മൂലം അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെടാതെ വരുന്ന തുകകൾ യഥാസമയം ട്രഷറി അധികാരികളെ അറിയിച്ച് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 കുറ്റിമുല്ലകൃഷി - വിസ്തീർണം കുറഞ്ഞ സ്ഥലത്ത് കൃഷി ചെയ്യുന്നതിനും ഗ്രൂപ്പുകൾക്ക് കൂടുതൽ തൊഴിൽദിനങ്ങൾ അനുവദിക്കുന്നു

തൊഴിലുറപ്പു പദ്ധതിയിൽ ഗ്രൂപ്പുകൾക്ക് ഒരു വരുമാന മാർഗ്ഗം സൃഷ്ടിച്ചു കൊടുക്കുക എന്ന ലക്ഷ്യത്തോടെ ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തിയാണ് കുറ്റിമുല്ല കൃഷി. പുല്ലും കാടുകളും വെട്ടി വൃത്തിയാക്കി 20cm X20cm X20cm അളവിലുള്ള കുഴി എടുത്താണ് കുറ്റിമുല്ല നടുന്നത്. ഒരു സെന്റ് സ്ഥലത്ത് ഏകദേശം 35 തൈകളാണ് നടേണ്ടത്. ഇതനുസരിച്ച് 1530 തൈകൾ നടുന്നതിന് കുറഞ്ഞത് 44 സെൻറ് സ്ഥലം ആവശ്യമാണ്. എന്നാൽ വിസ്തീർണം കുറഞ്ഞ സ്ഥലത്ത് കൃഷി ചെയ്യുന്നതിനും ഗ്രൂപ്പുകൾക്ക് കൂടുതൽ തൊഴിൽദിനങ്ങൾ അനുവദിക്കുന്നു. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഗ്രൂപ്പ് | സ്നേഹ വാർഡ് -18 |
| കരാർ പ്രകാരം കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ അളവ് | 25 സെന്റ് (സർവ്വേ നം 66/4-4 തണ്ണീർമുക്കം വടക്ക് വില്ലേജ് 23 ആർ 57 $M^2$ ഇതിൽ നിന്നും 25 സെന്റ് ) |
| എസ്റ്റിമേറ്റ് പ്രകാരം കൃഷി ചെയ്യാവുന്ന തൈകളുടെ എണ്ണം | 25 X35 = 875 |
| അനുവദിക്കാവുന്ന തൊഴിൽ ദിനങ്ങൾ | |
| പുല്ലും കാടുകളും വെട്ടി വൃത്തിയാക്കൽ 25 X40 = 1000 $M^2$ @0.0233 | 23.30 |
| കുഴിയെടുക്കൽ - 875 X 0.20 X0.20 X0.20 = 7 $M^3$ @ 0.6880 | 4.816 |

| | |
|---|---|
| കുറ്റിമുല്ല നടൽ- 875 @ 0.0050 | 4.375 |
| ഒരുവർഷത്തേക്കുള്ള പരിപാലനം<br>875x180 = 157500 @0.0019 | 299.25 |
| ആകെ | 331.741 (332) |
| പ്രവൃത്തി ആരംഭിച്ച തീയതി | 27-09-21 |
| 31-03-22 വരെ (ഒരു സാമ്പത്തിക വർഷത്തേക്ക്) അനുവദിച്ച തൊഴിൽ ദിനങ്ങൾ | 595 |
| അധികം | 263 |

2.

| | |
|---|---|
| ഗ്രൂപ്പ് | സ്നേഹ പാർട്ട് -8വാർഡ് -18 |
| കരാർ പ്രകാരം കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ അളവ് | 20 സെന്റ് (സർവ്വേ നം. 75/ 14-2, 75/14-3 തണ്ണീർമുക്കം വടക്ക് വില്ലേജ് 12 ആർ 26 $M^2$. ഇതിൽ നിന്നും 20 സെന്റ് ) |
| എസ്റ്റിമേറ്റ് പ്രകാരം കൃഷി ചെയ്യാവുന്ന തൈകളുടെ എണ്ണം | 200x35 = 700 |
| അനുവദിക്കാവുന്ന തൊഴിൽ ദിനങ്ങൾ | |
| പുല്ലും കാടുകളും വെട്ടി വൃത്തിയാക്കൽ 20 X40 = 800 M2 @0.0233 | 18.64 |
| കുഴിയെടുക്കൽ - 700x 0.20 X 0.20 X0.20 = 5.6m3 @ 0.6880 | 3.852 |
| കുറ്റിമുല്ല നടൽ- 700 @ 0.0050 | 3.5 |
| ഒരുവർഷത്തേക്കുള്ള പരിപാലനം<br>700x180 = 126000 @0.0019 | 239.40 |
| ആകെ | 265.392 (266) |
| പ്രവൃത്തി ആരംഭിച്ച തീയതി | 08-10-21 |
| 31-03-22 വരെ (ഒരു വർഷത്തേക്ക്) അനുവദിച്ച തൊഴിൽ ദിനങ്ങൾ | 583 |
| അധികം | 317 |

ഇപ്രകാരം തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നത് അധികച്ചെലവിനിടയാക്കുന്നു. അതിനാൽ ലഭ്യമാകുന്ന കൃഷി സ്ഥലത്തിൽ കൃഷി ചെയ്യാവുന്ന മുല്ലത്തൈകളുടെ അടിസ്ഥാനത്തിൽ തൊഴിൽ ദിനങ്ങൾ അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 ഫൈൻ ഈടാക്കിയത് കുറവ് -നഷ്ടം

| | | |
|---|---|---|
| പ്രോജക്ട് നം. | : | 142 |
| പ്രോജക്ടിന്റെ പേര് | : | ഇടിക്കമ്പിൽ കായൽ തീരം റോഡ് ടാറിംഗ് വാർഡ്-4 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.ലജിമോൻ.പി |
| എഗ്രീഡ് പി.എ.സി | : | 713021/- രൂപ |
| ചെലവ് | | 780217/- രൂപ,<br>(1.ട്രഷറി ബിൽ നം.28 തീയതി 30.03.2022 400000/രൂപ<br>2.ചെക്ക് നം.084879 തീയതി 30.03.2022- 380217) |
| എം.ബുക്ക് നം. | : | 19/21-22 |
| എഗ്രിമെന്റ് നം. | : | 20/AE/LSGD/TKM/20-21 തീ.10.07.2020 |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | : | 10.07.2020 |
| പൂർത്തികരണ കാലാവധി | : | 180 ദിവസം |

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം എഗ്രിമെന്റിൽ ഏർപ്പെട്ട് ആരംഭിച്ച പ്രവർത്തിയാണ് ഇടിക്കമ്പിൽ കായൽ തീരം റോഡ് ടാറിംഗ് വാർഡ്-4. പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി 180 ദിവസമായിരുന്നു. 10.07.2020-ൽ ഈ പ്രവർത്തിക്കായി കരാറുകാരന് സൈറ്റ് ഹാന്റ് ഓവർ ചെയ്തിട്ടുണ്ട്. കോവിഡ്-19 മൂലമുള്ള ലോക്ക്ഡൌണും മറ്റും മൂലം പ്രവർത്തി യഥാസമയം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നല്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയും 10.07.2021 വരെ ഫൈനില്ലാതെ കരാർ കാലാവധി ദീർഘിപ്പിച്ച് നല്കുകയും ചെയ്തിട്ടുണ്ട്. എം.ബുക്ക് നം.19/21-22 പേജ് നം.17 പ്രകാരം ഈ പ്രവർത്തിയുടെ അവസാന അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 24.03.2022-ലാണ്. കരാറുകാരൻ യഥാസമയം പ്രവർത്തി പൂർത്തീകരിക്കാതിരുന്നതിനാൽ ഫൈനൽ ബില്ലിൽ നിന്നും 7004/-രൂപ ഫൈൻ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.

2012 ലെ പി.ഡബ്ല്യൂ.ഡി മാനവൽ അനുസരിച്ച് കരാറുകാരന്റെ ഭാഗത്തുള്ള വീഴ്ച മൂലം മരാമത്ത് പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കാനാവാതെ വരികയാണെങ്കിൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പിന്റെ 18.08.2018-ലെ എ.സി-2/223/2015/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം ആദ്യത്തെ 3 മാസം കരാർ തുകയുടെ 1% പിഴ ചുമത്താവുന്നതും പിന്നീട് വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്താവുന്നതും ആണെന്ന് പറഞ്ഞിരിക്കുന്നു. ദീർഘിപ്പിച്ച് നല്കിയ കാലാവധി പ്രകാരം ഈ പ്രവർത്തി 10.07.2021-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ 8 മാസവും 14 ദിവസവും വൈകിയാണ് ഈ പ്രവർത്തി പൂർത്തീകരിച്ചിരിക്കുന്നത്. ആയതിനാൽ നിലവിൽ ഈടാക്കിയിരിക്കുന്ന ഫൈൻ കുറവാണ്. കുറവ് ഫൈൻ ഈടാക്കിയതു മൂലം പഞ്ചായത്തിന് താഴെപ്പറയും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| ഈടാക്കേണ്ട ഫൈൻ (ആദ്യ മൂന്ന് മാസം- PAC യുടെ 1% ) | 713021x1%= 7130 |
| (തുടർന്ന് വരുന്ന ഓരോ മൂന്ന് മാസത്തിനും- PAC യുടെ 2% വീതം ) 5 മാസം 14 ദിവസം- 4% ഫൈൻ | 713021x4%=28521 |
| ആകെ ഈടാക്കേണ്ടിയിരുന്ന ഫൈൻ | 35651 |
| ഈടാക്കിയ ഫൈൻ | 7004 |
| കുറവ് | 28647 |

*ഫൈൻ ഇനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.* ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24 തീയതി 08.12.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-38 അഡ്വക്കേറ്റിന് ഫീസ് നൽകൽ - സ്രോതസിൽ നിന്നും ആദായനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട കേസുകൾ നടത്തുന്നതിന് ശ്രീ. ദർശൻ സോമനാഥിന് തൻവർഷം വിവിധ ബില്ലുകളിലായി പ്രൊഫഷണൽ ചാർജ്ജിനത്തിൽ 111000/- രൂപ നൽകിയിട്ടുണ്ട്. Income Tax Act – 194 J പ്രകാരം ഒരു സാമ്പത്തികവർഷം 30000/- രൂപയിൽ കൂടുതൽ പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ഫീസിനത്തിൽ തുക നല്കുമ്പോൾ 10% തുക ഉറവിടത്തിൽ കുറവ് ചെയ്യേണ്ടതാണ്. എന്നാൽ സ്രോതസിൽ നിന്നും ആദായ നികുതി ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. തുക നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| വൗച്ചർ നം. | തുക |
|---|---|
| 22100066/20-04-21 | 6000 |
| 22100067/20-04-21 | 6000 |
| 22100068/20-04-21 | 6000 |
| 22100321/09-07-21 | 18000 |
| 22100415/10-08-21 | 9000 |
| 22100591/28-09-21 | 15000 |
| 22100651/20-04-21 | 15000 |
| 22100926/07-12-21 | 12000 |
| 22101059/10-01-22 | 9000 |
| 22101357/28-02-22 | 15000 |
| ആകെ | 111000 |

സ്രോതസിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ആദായ നികുതി (10%) - 11100/-

ടി തുക ഈടാക്കുകയോ ടിയാൻ ആദായ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

## 1-39 വാരനാട് എൽ.പി.സ്കൂൾ കായൽതീരം റോഡ് ടാറിംഗ്- കാലി വീപ്പയുടെ വില പൂർണമായും ഈടാക്കിയില്ല.

| | | |
|---|---|---|
| പ്രോജക്ട് നം. | : | 145 |
| പ്രോജക്ടിന്റെ പേര് | : | വാരനാട് എൽ.പി.സ്കൂൾ കായൽതീരം റോഡ് ടാറിംഗ് |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.ശ്രീകുമാർ |
| അടങ്കൽ | : | 1013000/- രൂപ |
| ചെലവ് | : | 1001543/- രൂപ,<br>(1.ട്രഷറി ബിൽ നം.19 തീയതി 15.02.2022 1001543/- രൂപ) |
| എം.ബുക്ക് നം. | : | 25/18-19 |
| എഗ്രിമെന്റ് നം. | : | 17/AE/LSGD/TKM/19-20 തീയതി 22.08.2019 |

2021-22 സാമ്പത്തിക വർഷം തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ മേൽ മരാമത്ത് വേലയിൽ നിന്നും മതിയായ അളവിൽ ബാരൽ വില കുറവ് ചെയ്യുതായി കാണുന്നില്ല. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് സെക്ഷൻ.II റേറ്റ് ഓഫ് മെറ്റീരിയൽ ക്രമ നം. 600 പ്രകാരം Empty Steel Drum Of 450mm Dia 1.2m High-ന്റെ വില 238/- രൂപയാണെന്ന് കാണുന്നു. ആയതിന്റെ 18% ജി.എസ്.റ്റി ഉൾപ്പെടെ ആകെ 281/-രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. ആയത് പ്രകാരം 23 ബാരലുകളുടെ വിലയായി 6463/-രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും 5750/-രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. കുറവ് വന്ന തുക 713/- രൂപ (6463-5750) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-40 സാമൂഹ്യ ക്ഷേമ പെൻഷൻ ഗുണഭോക്താവിന്റെ മരണം റിപ്പോർട്ട് ചെയ്ത ശേഷവും അക്കൗണ്ടിലേക്ക് പെൻഷൻ നല്കിവരുന്നു

ഗ്രാമപഞ്ചായത്തിലെ തൻവർഷത്തെ മരണ രജിസ്ട്രേഷനിൽ ക്രമ നമ്പർ 273/2021 മുതൽ 362/2021 വരെയുള്ള പരിശോധിച്ചതിൽ താഴെപറയുന്നവർക്ക് മരണം റിപ്പോർട്ട് ചെയ്തതിന് ശേഷവും വാർദ്ധക്യകാല പെൻഷൻ നല്കി വരുന്നതായി കണ്ടു.

| പെൻഷണർ | പേര്, വിലാസം | മരണം/ | റിപ്പോർട്ട് | മരണശേഷവും | അക്കൗണ്ട് നം. | ആകെ |
|---|---|---|---|---|---|---|

| ഐ.ഡി. നം. | | | തീയതി/ രജി.നം. | തുക നല്കി കാലയളവ് | | തുക |
|---|---|---|---|---|---|---|
| 104410201440 | സരസ്വതിയമ്മ.ബി 20/832, ഷാജിമന്ദിരം, മേക്രക്കാട്ട്, മുട്ടത്തിപറമ്പ് P. O, 688527 | 1/12/2021 | 22.12.2022- 349/21 | 01/2022 - 9/2022 | 33505336159 (SBIN0005046) | 1600 X9= 14400/- |
| 104410201080 | കാഞ്ചനവല്ലി 12/592, പറമ്പിൽ, വാരണം, പൂത്തനങ്ങാടി, വാരണം P. O, 688555 | 10.08.2021 | 25.11.2021 - 330/21 | 9/2021 - 09/2022 | 13220100196301 (FDRL0001322) | 1600X13= 20800/- |
| 104410200270 | പവിത്രൻ 8/.,പുത്തൻതറ, കണ്ണങ്കര, കണ്ണങ്കര P. O, 688527 | 26.4.2017 | 22.11.2021 – 324/21 | 5-17 മുതൽ 7-19 വരെ തുക നല്കിയിട്ടുണ്ട്. നാളിതുവരെ സസ്പെന്റ് ചെയ്തിട്ടില്ല | | |
| 104410200713 | മേരിചാക്കോ 4/287, കറുകയിൽവീട്, കട്ടച്ചിറ, വാരനാട് P. O, 688539 | 6.10.2021 | 11.11.2021 - 314/21 | 11/21 - 12/21 | 67254917383 (SBIN0070081) | 1600X2= 3200 |
| 104410201684 | സരോജിനി 23/192,എസ്, ബി. കോളനി,വാരനാട് വാരനാട് P. O, 688539 | 05.10.2021 | 30.10.2021 - 299/21 | 11/21 - 9/22 | 67252104798 (SBIN0070483) | 11X1600= 17600/- |
| 104410201420 | വാസുദേവൻ.പി.ആർ., 13/46,ആലപ്പാട്ട്, കരിക്കാട്, കരിക്കാട് P. O, 688527 | 25.9.2021 | 18.10.2021 - 273/21 | 10/21 - 9/22 | 13220100012714 (FDRL0001322) | 12X1600= 19200/- |

ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 33/9.12.22) തുക തിരികെ ഈടാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരണ രജിസ്റ്റർ പ്രകാരമുള്ള മറ്റ് അപേക്ഷകൾ പരിശോധിച്ച് മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പിന്നീട് ഏതെങ്കിലും തരത്തിലുള്ള സാമൂഹ്യ ക്ഷേമ പെൻഷൻ ആനുകൂല്യം നല്കിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

മരണം റിപ്പോർട്ട് ചെയ്യുമ്പോൾത്തന്നെ മരണമടയുന്നവർ പെൻഷണറാണോ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

## 1-41 ഭൂരഹിത ഭവന രഹിതർക്ക് ഭൂമി വാങ്ങി നൽകൽ - സ്വന്തം പേരിൽ ഭൂമിയില്ലായെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ തണ്ണീർമുക്കം സർക്കിൾ

ലൈഫ് മിഷൻ മൂന്നാം ഘട്ടം പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂരഹിതരായവർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി ആവിഷ്കരിച്ച 164/22 നമ്പർ പ്രോജക്റ്റ് പ്രകാരം വികസന ഫണ്ടിൽ നിന്നും 12,00,000/- രൂപ പിൻവലിച്ച് ആറ് പേർക്ക് ഭൂമി വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്ക് കണ്ടെത്തുന്ന മൂന്ന് സെന്റ് ഭൂമി വാങ്ങുന്നതിന് രണ്ട് ലക്ഷം രൂപയാണ് സബ്സിഡിയായി അനുവദിച്ചിട്ടുള്ളത്.

തൻവർഷം മേൽ പ്രോജക്ടുകൾ പ്രകാരം സബ്സിഡി കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, രണ്ട് ഗുണഭോക്താക്കൾ അവരുടെ ഭാര്യമാരുടെ പേരിൽ ഭൂമിയില്ലായെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. രാമദാസ്, സീതാ നിലയം, മരുത്തോർവട്ടം എന്നയാളുടെ ഭാര്യയായ സേതുലക്ഷ്മിയ്ക്ക് സ്വന്തം പേരിലോ കുടുംബാവകാശമായോ ഭൂമിയില്ലായെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. അതുപോലെ മറ്റൊരു ഗുണഭോക്താവായ തങ്കച്ചൻ, ചള്ളിയിൽ, വാരണം എന്നയാളുടെ ഭാര്യയായ തുളസിയ്ക്ക് സ്വന്തം പേരിലോ കുടുംബാവകാശമായോ ഭൂമിയില്ലായെന്നുള്ള സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. ഭാര്യയ്ക്കും ഭർത്താവിനും സ്വന്തം പേരിൽ ഭൂമി ഇല്ലായെന്നും കുടുംബ സ്വത്തായി ഭൂമി ലഭിക്കുവാൻ സാധ്യതയില്ലായെന്നുമുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഭൂമി വാങ്ങുന്നതിന് സബ്സിഡി അനുവദിക്കേണ്ടത്. ഇതുസംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 31/8.12.22) നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കിയില്ല. മേൽ രേഖകളുടെ അഭാവത്തിൽ ഇവർക്ക് ഭൂമി വാങ്ങുന്നതിനായി ചെലവഴിച്ച 4,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം

ചെലവ് തുക – 2,00,000/- രൂപ (ബിൽ നം. 120/6.10.21)

ചെലവ് തുക – 2,00,000/- രൂപ (ബിൽ നം. 120/9.11.21)

## 1-42 തോടിന് ആഴം കൂട്ടുന്ന പ്രവൃത്തി കരാറുകാർക്ക് അധിക നിരക്കിൽ ജി.എസ്.റ്റി അനുവദിച്ചു

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത താഴെപ്പറയുന്ന തോടിന് ആഴം കൂട്ടുന്ന പ്രവൃത്തികൾക്ക് കരാറുകാർക്ക് തുക അനുവദിച്ചത് 12% GST ഉൾപ്പെടെയാണ്. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (ഡിപ്പാർട്ട്മെന്റ് ഓഫ് റെവന്യൂ) 13.10.2017-ലെ നോട്ടിഫിക്കേഷൻ നം.31/2017-സെൻട്രൽ ടാക്സ് റേറ്റ് പ്രകാരവും, കേരള ഗവൺമെന്റ് ടാക്സസ് (ബി) ഡിപ്പാർട്ട്മെന്റിന്റെ 15.11.2017-ലെ ജി.ഒ(പി) നം.148/2017/ടാക്സ്സ് ഉത്തരവ് പ്രകാരവും കരാർ പ്രവൃത്തി മൂല്യത്തിന്റെ 75%ൽ അധികം എർത്ത് വർക്കാണെങ്കിൽ 5% GST (2.5% CGST, 2.5 SGST) മാത്രമാണ് ബാധകമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (Composite Supply Of Works Contract As Defined In Clause 119 Of Sec 2 Of The CGST ( KGST In The Case Of State) Act 2017 Involving Predominantly Earth Work Ie, Constituting More Than 75% Of The Value Of Work In Contract Provided To Central Government, State Govt., Union Territory, Local Authority, A Govt. Authority Or A Govt. Entity). താഴെപ്പറയുന്ന പ്രവൃത്തികളിൽ പ്രവൃത്തി മൂല്യത്തിന്റെ 95%വും എർത്ത് വർക്കാണ് (എർത്ത് വർക്ക് & സൈറ്റ് ക്ലിയറിംഗ്) അതിനാൽ 5% GST മാത്രമാണ് ബാധകം. 12% GST അനുവദിച്ചതിനാൽ അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 1.പ്രോജക്റ്റ് നം. | : 90 |
| പ്രോജക്റ്റിന്റെ പേര് | : പുലയൻകരി തോട് - പുതിയവെളി ഭാഗം തോട് നവീകരണം-3 |
| കോൺട്രാക്ടറുടെ പേര് | : ശ്രീ.മുഹമ്മദ് അൽസിഫ്.കെ.എസ് |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | : 105025/- രൂപ |
| അനുവദിച്ച GST 12% | : 12603/-രൂപ |

| | |
|---|---|
| അനുവദിക്കാവുന്ന GST5% | : 5251/-രൂപ |
| അധികം അനുവദിച്ചത് | : 7352/-രൂപ |
| ചെലവ് | : 117628/- രൂപ,<br>(ഇ-ഗ്രാം സ്വരാജ് പോർട്ടൽ മുഖേന) |
| എം.ബുക്ക് നം | : 35/21-22 |

| | |
|---|---|
| 2.പ്രോജക്ട് നം. | : 92 |
| പ്രോജക്ടിന്റെ പേര് | : വൈപ്പന്ത്രകരി- ചാണിച്ചിറ തോട് ശുചീകരണം -4 |
| കോൺട്രാക്ടറുടെ പേര് | : ശ്രീ.മുഹമ്മദ് അൽസിഫ്.കെ.എസ് |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | : 100014/- രൂപ |
| അനുവദിച്ച GST 12% | : 12002/-രൂപ |
| അനുവദിക്കാവുന്ന GST5% | : 5001/-രൂപ |
| അധികം അനുവദിച്ചത് | : 7001/-രൂപ |
| ചെലവ് | : 112016/- രൂപ,<br>(ഇ-ഗ്രാം സ്വരാജ് പോർട്ടൽ മുഖേന) |
| എം.ബുക്ക് നം | : 26/21-22 |

| | |
|---|---|
| 3.പ്രോജക്ട് നം. | : 109 |
| പ്രോജക്ടിന്റെ പേര് | : പെണാലിപ്പാലം - കണ്ണാട്ട് തോട് നവീകരണം-22 |
| കോൺട്രാക്ടറുടെ പേര് | : ശ്രീ.മുഹമ്മദ് അൽസിഫ്.കെ.എസ് |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | : 115018/- രൂപ |
| അനുവദിച്ച GST 12% | : 13802/-രൂപ |
| അനുവദിക്കാവുന്ന GST5% | : 5751/-രൂപ |
| അധികം അനുവദിച്ചത് | : 8051/-രൂപ |
| ചെലവ് | : 128820/- രൂപ,<br>(ഇ-ഗ്രാം സ്വരാജ് പോർട്ടൽ മുഖേന) |
| എം.ബുക്ക് നം | : 36/21-22 |

| | |
|---|---|
| 4.പ്രോജക്ട് നം. | : 109 |
| പ്രോജക്ടിന്റെ പേര് | : വലിയതറ-ചാണിച്ചിറ ഇഴശ്ശേരിക്കരത്തോട്-തോട് നവീകരണം-15 |
| കോൺട്രാക്ടറുടെ പേര് | : ശ്രീ.മുഹമ്മദ് അൽസിഫ്.കെ.എസ് |
